

# ചാവറയച്ചന്റെ
## ഭക്തിസാധനയെക്കുറിച്ച് ...

ഫാ. ജോർജ്ജ് നെരേപറമ്പിൽ സി.എം.ഐ.

K1 891
7853

# ചാവറയച്ചന്റെ ഭക്തിസാധനയെക്കുറിച്ച്...

ഫാ. ജോർജ്ജ് നെരേപറമ്പിൽ, സി.എം.ഐ.

CARMEL JYOTHI
ALWAYE
THAIKKATTUKARA

*Published by*

Education & Mass Media Dept.
C.M.I. Devamatha Province, Thrissur - 680 001

Chavarayachante Bhakthi Sadhanaye Kurichu....
(Malayalam)

Author : Fr. George Nereparampil, C.M.I.

Published by : Education &Mass Media Dept.
C.M.I. Devamatha Province
Thrissur - 680 001.

First Edition : 29-11-2008.

DTP : Vinitha Jayan,
St. Joseph Communication, Kuriachira.

Cover : Smrithi, TCR.

Printed at : Santhi Bhavan, Thrissur.

Price : Rs. 30.00
(All Rights Reserved.)

# നന്ദിയോടെ....

ഞാൻ ഹൈസ്ക്കുൾ വിദ്യാർത്ഥി ആയിരുന്ന സമയത്ത് എന്റെ ഇടതുകൈമുട്ടിൽ ഗൗരവമായ ഒരു രോഗബാധ ഉണ്ടായി. കൈമുട്ടിൽ നീരും വേദനയുമായി മൂന്നുവർഷക്കാലം ഞാൻ വളരെ വിഷമിച്ചു. ഒത്തിരി ചികിത്സ നടത്തി. ഓപ്പറേഷനും നടത്തി. പക്ഷെ, രോഗം ഭേദമായില്ല. കൈ ശോഷിച്ചു വരുകയും, സ്വാധീനകുറവ് ഉണ്ടാകുകയും ചെയ്തു. എന്റെ അപ്പനും അമ്മയും ചാവറയച്ചന് നേർച്ചനേർന്ന് പ്രാർത്ഥിച്ചു. അത്ഭുതകരമായ രോഗസൗഖ്യം എനിക്ക് ലഭിച്ചു.

എനിക്ക് കുട്ടിക്കാലം തുടങ്ങി സംസാരിക്കുമ്പോൾ വിക്കൽ പ്രശ്നവും (Stammering) ഉണ്ടായിരുന്നു. ചാവറയച്ചന്റെ മാന്നാനത്തുള്ള കബറിടത്തിങ്കൽ പോയി പ്രാർത്ഥിച്ചതുവഴിയായി എന്റെ സംസാരത്തിലുള്ള വികലതയും മാറി കിട്ടി. 'വലിയ പ്രിയോരച്ചൻ' എന്നറിയപ്പെട്ടിരുന്ന ചാവറയച്ചന്റെകൂടി നേതൃത്വത്തിൽ സ്ഥാപിതമായ സി.എം.ഐ. സഭയിലെ പുരോഹിതനാകുവാനുള്ള മഹാസൗഭാഗ്യവും എനിക്ക് ലഭിച്ചു. നിത്യപുരോഹിതനായ ഈശോയ്ക്ക് ഈ എളിയ അഭിക്ഷിക്തന്റെ ഒരിക്കലും തീരാത്ത നന്ദി... ആശ്രിതവത്സലനായ എന്റെ വലിയപ്രിയോരച്ചന് ആയിരം നന്ദി.... അവതാരിക എഴുതിതന്ന് പ്രോത്സാഹിപ്പിച്ച, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് മലയാളം വകുപ്പ് മേധാവിയായിരുന്ന ബഹു. ജോസ് ചുങ്കനച്ചന് പ്രത്യേകം നന്ദി... ചാവറയച്ചന്റെ അനുഗ്രഹാശിസ്സുകൾ എല്ലാവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു...



ഇരിങ്ങാലക്കുട രൂപതയിലെ ആനന്ദപുരം സെന്റ് മേരീസ് ഇടവകാംഗമാണ് ഫാ. ജോർജ്ജ് നെരേപറമ്പിൽ. ശ്രീ. ദേവസ്സി കുഞ്ഞുവറീത്, ശ്രീമതി. റോസ്സി ദേവസ്സി - വല്ലൂരാൻ, നാലുകെട്ട് - കൊരട്ടി, എന്നിവരാണ് മാതാപിതാക്കൾ. എൽത്തുരുത്ത് സെന്റ് അലോഷ്യസ് ഹൈസ്ക്കൂളിലെ ഹിന്ദി അദ്ധ്യാപകനാണ്. ധ്യാനപ്രസംഗകനാണ്; ഭക്തിഗാന രചയിതാവുമാണ്.

വിലാസം :

**ഫാ. ജോർജ്ജ് നെരേപറമ്പിൽ,** സി.എം.ഐ.

ഗലീലി, ചിയ്യാരം, തൃശ്ശൂർ - 680 026

ഫോൺ : 0487 2250802

# അവതാരിക

ബ. ജോർജ്ജ് നെരേപറമ്പിലച്ചൻ രചിച്ച ചാവറയച്ചന്റെ 'ഭക്തി സാധനയെക്കുറിച്ച് 'എന്നുപേരുള്ള ചെറുകൃതിയെ അനുവാചകർക്ക് മുമ്പിൽ അവതരിപ്പിക്കുവാൻ എനിക്ക് വലിയ ആനന്ദം ഉണ്ട്. ജനങ്ങളിൽ വിശ്വാസവും, ഭക്തിയും, ഉത്തമജീവിതവും പുഷ്ടിപ്പെടുത്തുവാൻ, വിദേശമിഷണറിമാരിൽ നിന്ന്, സ്വാംശീകരിച്ചെടുത്ത ഭക്താഭ്യാസങ്ങളും, സന്ദർഭാനുസരണം സ്വയം രൂപപ്പെടുത്തിയ ഭക്തമുറകളും, ക്രാന്തദർശിയായിരുന്ന ചാവറയച്ചൻ ജനങ്ങളെ പരിചയപ്പെടുത്തുകയും, പരിശീലിക്കുവാൻ ഉപദേശിക്കുകയും ചെയ്തു.

ചാവറയച്ചന്റെ സഹപ്രവർത്തകനും, സി.എം.ഐ. സഭയുടെ രണ്ടാമത്തെ പ്രിയോർ ജനറാളും, പുണ്യചരിതനുമായിരുന്ന പോരൂക്കര കുര്യാക്കോസ് എലിസേവൂസച്ചൻ, ചാവറയച്ചനെക്കുറിച്ച് പറഞ്ഞ വാക്കുകൾ ഉദ്ധരിക്കട്ടെ : ''കൊവേന്തയിലെ അടക്കമുള്ള ജീവിതത്തിനാലും, തമ്പുരാന്റെ തിരുവചനമായ റേഗുള ന്യായപ്രമാണങ്ങളുടെ സൂക്ഷമുള്ള അനുസരണത്താലും, എളിമ, കീഴ്‌വഴക്കം, ദൈവസ്നേഹം, പരസ്നേഹം മുതലായ പുണ്യങ്ങളാൽ പുണ്യസാംഗോപാംഗത്തിന്റെ ഉച്ചിയിൽ പറക്കുകയും, ഉത്തമപുണ്യ ദൃഷ്ടാന്തങ്ങളാലും, ഗുണദോഷങ്ങളാലും, ശേഷം പേരെയും പുണ്യവഴിയിൽ ഉത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.'' അതേ, ശേഷം പേരായ നമ്മെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ മുന്നോട്ടു നടത്തുവാനാണ് ചാവറയച്ചൻ ഭക്തമുറകൾ പ്രചരിപ്പിച്ചത്. യേശുവിനോട് ബന്ധപ്പെടുത്തി മൂന്ന് ഭക്തമുറകളാണ് ഈ കൃതിയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. ദിവ്യകാരുണ്യഭക്തി, തിരുഹൃദയഭക്തി, സ്ലീവാപാതഭക്തി എന്നിവയാണവ. കന്യാമറിയം, മാർയൗസേപ്പ്, തിരുകുടുംബം, മാർതോമ്മാ, കാവൽമാലാഖ, നന്മരണം എന്നീ ഇതിവൃത്തങ്ങളുമായി ഓരോ വിവരണവും ഇതിലുണ്ട്. ചാവറകൃതികളെ, പ്രത്യേകിച്ച് 'ആത്മാനുതാപ'ത്തെ, അടിസ്ഥാനരേഖയായി സ്വീകരിക്കുവാൻ ഗ്രന്ഥകർത്താവ് പരിശ്രമിച്ചിട്ടുള്ളതായി കാണുന്നു. ഭക്താഭ്യാസങ്ങളുടെ ഉത്ഭവചരിത്രവും പരാമർശിച്ചിട്ടുണ്ട്. ആസ്വാദ്യതയ്ക്കായി, ഭരതമുനി മുതൽ ആധുനിക വിമോചന ശാസ്ത്രജ്ഞന്മാർ വരെയുള്ളവരുടെ സാന്ദർഭിക പരാമർശങ്ങളും ഈ പുസ്തകത്തിലുണ്ട്.

ഇതിൽ പ്രതിപാദിച്ചിട്ടുള്ള ഒമ്പത് ഭക്തിമാർഗ്ഗങ്ങളിലൂടെ ചാവറയച്ചൻ സ്വയം സഞ്ചരിക്കുകയും, കുറേയേറെയൊക്കെ പ്രചരിപ്പിക്കുകയും ചെയ്തുവെങ്കിലും, അവയെ കുറേക്കൂടി നാം ആഴത്തിൽ അനുഭവിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനുള്ള ഒരു സജീവ ജിഹ്വ ആയിരിക്കും ഈ ആദ്ധ്യാത്മിക കൃതി. ''നിന്റെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും, വഴികളിൽ പ്രകാശവുമാണ്'' (സങ്കീ. 119:105). അങ്ങനെയാണെങ്കിൽ, തിരുവചനം പകർന്നുനൽകിയ ദിവ്യകാരുണ്യനാഥനോടും, അവിടുത്തെ തിരുഹൃദയത്തോടും, അവിടുന്ന് കുരിശുവഹിച്ചു നീങ്ങിയ പരിത്രാണയാത്രയോടും പുലർത്തുന്ന ഭക്തിയും, യേശുവിന്റെ തിരുവചനം ഉൾകൊണ്ട് ജീവിച്ചവരോടുമുള്ള ഭക്ത്യാദരവും, യേശുവിശ്വാസിയുടെ ഭക്തജീവിത യാത്രയിൽ തീർച്ചയായും ഊന്നുവടിയായിരിക്കും.

നവരത്നഖചിതമായ കിരീടം പോലെ, ഭക്തിമാർഗ്ഗത്തിൽ ചരിക്കുന്നവർക്ക് ഒമ്പത് ഊന്നുവടികൾ യാത്രാസഹായത്തിന് നൽകുന്ന ഈ ചെറുകൃതിക്ക് എല്ലാ ഭാവുകങ്ങളും ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു.

**ഫാ. ജോസ് ചുങ്കൻ,** സി.എം.ഐ.
(റിട്ട. പ്രിൻസിപ്പൾ,
ക്രൈസ്റ്റ് കോളേജ് - ഇരിങ്ങാലക്കുട)

ഗലീലി,
ചിയ്യാരം, തൃശ്ശൂർ.
14- 11 - 2008.

*..... This book is specially dedicated to my brother Mr. Joy. N. D., and his family, consisting of Mrs. Leena Joy, Sebin Joy & Sachin Joy- Dombivoli (East), Mumbai.*

# ഉള്ളിൽ....


1. ചാവറയച്ചനും ദിവ്യകാരുണ്യഭക്തിയും
2. ചാവറയച്ചനും തിരുഹൃദയഭക്തിയും
3. ചാവറയച്ചനും മരിയഭക്തിയും
4. ചാവറയച്ചനും മാർയൗസേപ്പുഭക്തിയും
5. ചാവറയച്ചനും തിരുകുടുംബഭക്തിയും
6. ചാവറയച്ചനും സ്ലീവാപാതഭക്തിയും
7. ചാവറയച്ചനും മാർതോമ്മാഭക്തിയും
8. ചാവറയച്ചനും കാവൽമാലാഖഭക്തിയും
9. ചാവറയച്ചനും നൽമരണഭക്തിയും


# അനുബന്ധം


1. ചാവറയച്ചന്റെ സംക്ഷിപ്ത ജീവചരിത്രം
2. ചാവറയച്ചന്റെ സുപ്രധാന സാഹിത്യസൃഷ്ടികൾ
3. ചാവറയച്ചന്റെ സുപ്രധാന ഉപദേശങ്ങൾ
4. ചാവറയച്ചനെക്കുറിച്ചുള്ള അൽഫോൻസാമ്മയുടെ സാക്ഷ്യം
5. ചാവറയച്ചന്റെ 'ഔദ്യോഗിക അത്ഭുതം'

4\. ചാവറയച്ചനോടുള്ള പ്രാർത്ഥന

Chapter

# 1

# ചാവറയച്ചനും ദിവ്യകാരുണ്യഭക്തിയും

വി.യോഹന്നാന്റെ സുവിശേഷത്തിൽ യേശു പറയുന്നു; "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്"( യോഹ. 10:10). ഒരു കത്തോലിക്കാ വിശ്വാസിക്ക് ജീവനും ജീവൽസമൃദ്ധിയും പ്രദാനം ചെയ്യുന്നത് ദിവ്യകാരുണ്യമാണ്. കാരണം, ദിവ്യകാരുണ്യം "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് ലോകത്തിന് ജീവൻ നൽകുന്ന" (യോഹ. 6:33) "ജീവന്റെ അപ്പം"(യോഹ. 6:35) ആകുന്നു. "ഇത് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (യോഹ. 6:58). ഈ വിശുദ്ധ വസ്തുതകൾ കാരണം, "മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ "(യോഹ. 6:27) എന്ന് യേശു ഉപദേശിച്ചു.

ജീവന്റെ ഉടയവനും ഉറവിടവുമായ സത്യദൈവം - യേശുക്രിസ്തു, ദിവ്യകാരുണ്യത്തിൽ വാണരുളുന്നു. ലോകാവസാനത്തോളം മനുഷ്യന്റെ കൂടെ ആയിരിക്കുവാൻ ദിവ്യകാരുണ്യരൂപനായി യേശു തന്നെത്തന്നെ രൂപാന്തരപ്പെടുത്തി. അതുകൊണ്ട്, ഈ ലോകത്തിലെ ഏറ്റവും അമൂല്യമായ അത്ഭുത പ്രതിഭാസമാണ് ദിവ്യകാരുണ്യം. തിരുവോസ്തിരൂപനായ ദിവ്യകാരുണ്യനാഥന്റെ അതീവ ഭക്തനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയുടെ അന്തസത്ത, ദിവ്യപൂജയിലൂടെ സമാഗതനായി, ആത്മാവിൽ അധിവസിക്കുവാൻ എഴുന്നള്ളിവരുകയും, തന്നെ തേടിവരുന്നവർക്ക് അനുഗ്രഹങ്ങൾ ചൊരിയുവാനായി തിരു സക്രാരിയിൽ കുടിയിരിക്കുകയും ചെയ്യുന്ന പരിശുദ്ധ പരമ ദിവ്യകാരുണ്യത്തോടുള്ള ഭക്തിതീഷ്ണത ആയിരുന്നു.

ചാവറയച്ചന്റെ സുപ്രസിദ്ധമായ 'ആത്മാനുതാപം' എന്ന കാവ്യകൃതിയിൽ ദിവ്യകാരുണ്യ നാഥനോടുള്ള അഗാധമായ ഭക്തി വ്യക്തമാക്കികൊണ്ട് ചാവറയച്ചൻ എഴുതിയിരിക്കുന്നു :

"മമ പിതാവുനീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു

ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ".

ജീവനും ജീവൽസമൃദ്ധിയും ചാവറയച്ചൻ സ്വീകരിക്കുന്നത് ദിവ്യകാരുണ്യത്തിൽ നിന്നാണ് എന്ന് ഇവിടെ അസന്നിഗ്ധമായി എറ്റുപറഞ്ഞിരിക്കുന്നു.

ചാവറയച്ചന്റെ അന്തിമവചസ്സുകളിലെ "ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടെ സ്നേഹിക്കണം" എന്നുള്ള ഉപദേശത്തിൽ ചാവറയച്ചന്റെ സമ്പൂർണ്ണ ജീവിതം ദിവ്യകാരുണ്യനാഥന് സമർപ്പിതമായിരുന്നുവെന്നും, ദിവ്യകാരുണ്യത്തിൽ നിന്നാണ് ചാവറയച്ചൻ പ്രവർത്തനമേഖലയിലേക്കുള്ള ശക്തി സംഭരിച്ചിരുന്നതെന്നും സ്പഷ്ടമാകുന്നു. ചാവറയച്ചന് പരിചിതരായിരുന്ന എല്ലാവരും ഈ ഭക്തിമാർഗ്ഗത്തെ പുണരണമെന്നുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും ഇവിടെ നാം അറിയുന്നു.

വി. ഫ്രാൻസീസ്സ് അസീസ്സിയ്ക്ക് ഒരിക്കൽ ഒരു ദിവ്യസ്വപ്നം ഉണ്ടായി. സ്വപ്നത്തിൽ അസീസ്സി പുണ്യവാളൻ വെൺപ്രഭയോടുകൂടിയ ഒരു പുണ്യപുരുഷനെ കണ്ടു. അസീസ്സി അദ്ദേഹത്തോട് ആരാഞ്ഞു: "നിങ്ങൾ ആരാണ്"? ധവളപ്രഭാമയൻ പറഞ്ഞു: "ഞാൻ ഒരു അസാധാരണ വ്യക്തിയാണ്. എന്റെ ദേഹത്തിലേക്ക് കുനിഞ്ഞു നോക്കിയാൽ നിനക്ക് നിന്റെ മുഖം കാണാം". അസീസ്സി കുനിഞ്ഞു നോക്കി. അപ്പോൾ, ആ തേജോമയന്റെ ഗാത്രത്തിൽ അസീസ്സിയുടെ മുഖം പ്രതിഫലിക്കുന്നതായി കാണപ്പെട്ടു. ഒപ്പം, ശുഭ്രപ്രകാശപൂരിതമായ ആ തിരുശരീരത്തിൽ ആഴമുള്ള അഞ്ച് മുറിവുകളും അസീസ്സി കണ്ടു. ദിവ്യകാരുണ്യനാഥനായ യേശുവിനെയാണ് ദർശിച്ചത്, എന്ന് മനസ്സിലാക്കിയ ഫ്രാൻസീസ്സ് അസീസ്സി, ഉടനെ മുട്ടുകുത്തി ആരാധനാസ്തുതികൾ സമർപ്പിച്ചു.

"അവിടുത്തെ നോക്കിയവർ പ്രകാശിതരായി" (സങ്കീ. 34:5). "അവർ വിജയംവരിച്ചത് അവിടുത്തെ വലത്തുകൈയും, ഭുജവും, മുഖപ്രകാശവും കൊണ്ടത്രെ"( സങ്കീ. 44:3). ദിവ്യകാരുണ്യഭക്തി നമ്മുടെ ജീവിതങ്ങളെ പ്രഭാമയമാക്കുന്നു. ദിവ്യകാരുണ്യഭക്തരെ ഈശോ എപ്പോഴും തന്റെ തിരുഹൃദയത്തിൽ കാത്തുസൂക്ഷിച്ച് സംരക്ഷിക്കുകയും അവരുടെ ജീവിതങ്ങളെ സമൃദ്ധമായ ഐശ്വര്യത്താലും ആനന്ദത്താലും അനുഗ്രഹിക്കുകയും ചെയ്യുന്നു.

മണിക്കൂറുകളോളം ദിവ്യകാരുണ്യസന്നിധിയിൽ ചാവറയച്ചൻ മുട്ടുകുത്തിനിന്ന് പ്രാർത്ഥിക്കുമായിരുന്നു എന്ന് ചാവറയച്ചന്റെ ആത്മപിതാവായിരുന്ന ലെയോപ്പോൾഡ് മിഷണറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചാവറയച്ചൻ രോഗാവസ്ഥയിൽ ആയിരുന്ന സമയത്ത്, നവസന്യാസ

പരിശീലകനായിരുന്ന ജെരാർദ്ദ് മൂപ്പച്ചൻ, ഒരു ദിവസം ചാവറയച്ചന് ദിവ്യകാരുണ്യം നൽകുകയുണ്ടായി. ദിവ്യകാരുണ്യസ്വീകരണവേളയിലെ ചാവറയച്ചന്റെ ഭക്തിപാരവശ്യവും മുഖഭാവങ്ങളും കണ്ട് ജെരാർദ്ദച്ചൻ വിസ്മയിക്കുകയും, നവസന്യാസികളോട് ചാവറയച്ചന്റെ ദിവ്യകാരുണ്യ ഭക്തിയെ മാതൃകയാക്കുവാൻ അദ്ദേഹം ഉപദേശിക്കുകയും ചെയ്തു.

കേരളകത്തോലിക്കരുടെ ഇടയിൽ ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കുവാൻ ചാവറയച്ചൻ സ്തുത്യർഹമായ സംഭാവനകൾ സമർപ്പിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിലെ ഒത്തിരിയേറെ ദേവാലയങ്ങളിൽ വളരെ ഭക്തിനിർഭരമായി നടത്തപ്പെടുന്ന നാൽപ്പതുമണിക്കൂർആരാധന ആരംഭിച്ചത് ചാവറയച്ചനാണ്. നമ്മുടെ കർത്താവിന്റെ നാൽപ്പത് ദിവസത്തെ തപസ്സിനെ അനുസ്മരിപ്പിച്ച്, ദൈവജനത്തെ മനസ്താപത്തിലേക്കും മാനസ്സാന്തരത്തിലേക്കും നയിക്കുവാൻ അവസരം ഒരുക്കുക എന്നതായിരുന്നു നാൽപ്പതുമണിക്കൂർ ആരാധനകൊണ്ട് ചാവറയച്ചൻ ലക്ഷ്യം വെച്ചത്. 1866-ൽ അമ്പതുനോമ്പുകാലത്ത് കൂനമ്മാവ് കൊവേന്തയിലാണ് ഇദംപ്രഥമായി ഈ ആരാധന ആരംഭിച്ചത്. അമ്പതുനോമ്പിലെ ആരംഭആഴ്ചയിലെ വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലായിരുന്നു കേരളത്തിലെ ആദ്യത്തെ നാൽപ്പതുമണിക്കൂർ ആരാധന. പരിശുദ്ധ കുർബ്ബാനയുടെ തിരുന്നാളിനോട് അനുബന്ധിച്ച്, ചില ദേവാലയങ്ങളിൽ നടത്തിവരുന്ന എട്ടു ദിവസ ഭക്തിക്കും ചാവറയച്ചൻ തന്നെയാണ് തുടക്കം കുറിച്ചത്.

വിശ്വപ്രസിദ്ധ വിമോചന ദൈവശാസ്ത്രജ്ഞനായ Arturo Paoli യുടെ ' Freedom to be Free' എന്നു പേരുള്ള ഗ്രന്ഥത്തിൽ ലേഖകൻ പറയുന്നു : "ദിവ്യകാരുണ്യഭക്തി ദൈവാരൂപിയാൽ നയിക്കപ്പെടുന്ന ജീവിതത്തിലേക്ക് എത്തിക്കണം. ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ യേശുവിന്റെ ശരീരവും രക്തവും ഉൾകൊള്ളുന്നവർ ജീവിതത്തിന്റെ ആഴമായ അർത്ഥങ്ങൾ കണ്ടെത്തുന്നവനായിരിക്കണം. വ്യക്തിപരമായും, മറ്റുള്ളവരെയും പുതുസൃഷ്ടിയാക്കുക എന്നതിലാണ് ഈ ആഴമേറിയ അർത്ഥംകണ്ടെത്തൽ അടങ്ങിയിരിക്കുന്നത്. യേശു ഒരേസമയം രാജാവും, പ്രവാചകനും, പുരോഹിതനും ആയിരുന്നതുപോലെ ദിവ്യകാരുണ്യസ്വീകർത്താക്കളും ആയിത്തീരണം. ഒരു രാജാവ് പ്രജാ ക്ഷേമത്തിനായി തന്റെ സർവ്വസമ്പാദ്യങ്ങളും വിനിയോഗിക്കുന്നതുപോലെ, ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ തങ്ങളുടെ ജീവിതങ്ങളെ മറ്റുള്ളവരുടെ ഉന്നമനത്തിനായി ഉഴിഞ്ഞു വെക്കണം. ഒരു പ്രവാചകൻ ദീർഘദൃഷ്ടിയോടുകൂടി ജീവിക്കുന്നതുപോലെ, പരിശുദ്ധ കുർബ്ബാന കൈകൊള്ളുന്നവർ സ്വർഗ്ഗപ്രാപ്തിയെ ലക്ഷ്യമാക്കികൊണ്ട് ജീവിക്കുന്നവരാകണം. ഒരു പുരോഹിതൻ എല്ലാറ്റിനേയും വിശുദ്ധീകരിക്കുന്നതുപോലെ,

യേശുവിന്റെ മാംസനിണങ്ങൾ ഉൾകൊള്ളുന്നവർ സ്വന്തം ജീവിതത്തേയും, അപരന്റെ ജീവിതത്തേയും വിശുദ്ധീകരിക്കുവാൻ ദത്തചിത്തരായിരിക്കണം.

അത്യഗാധമായ ദിവ്യകാരുണ്യഭക്തി ഉണ്ടായിരുന്ന ചാവറയച്ചൻ, ദൈവാത്മാവിനാൽ നയിക്കപ്പെട്ടവനായിരുന്നു. അതുകൊണ്ടാണ്, സമകാലീനർ അദ്ദേഹത്തെ 'പരിശുദ്ധാത്മാവ് നിറഞ്ഞ മനുഷ്യൻ' എന്ന് വിളിച്ചിരുന്നത്. സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, വിശ്വാസ മേഖലകളിലെല്ലാം ആഴമേറിയ അർത്ഥങ്ങളിലേക്ക് പോകുവാനായി ചാവറയച്ചനെ ദിവ്യകാരുണ്യഭക്തി രൂപാന്തരപ്പെടുത്തി. ഈ മേഖലകളിലെല്ലാം വലിയ തുടക്കങ്ങൾക്ക് ചാവറയച്ചൻ കാരണക്കാരനും പ്രോത്സാഹകനും ആയിത്തീർന്നു. ദിവ്യകാരുണ്യനാഥന്റെ രാജത്വ സ്വഭാവത്തോട് താദാത്മ്യപ്പെട്ടുകൊണ്ട്, ചാവറയച്ചൻ, തന്റെ സർവ്വസിദ്ധികളും ശക്തിയും ദൈവജനനന്മക്കായി കാഴ്ചവെച്ചു. തിരുവോസ്തിരൂപന്റെ പ്രവാചകപ്രകൃതിയിൽ നിന്ന് പ്രചോദിതനായി, ചാവറയച്ചൻ, ഭാവി തലമുറയ്ക്കുവേണ്ടി വളരെയേറെ സൽകാര്യങ്ങൾ സമാരംഭിച്ചു. പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്റെ പൗരോഹിത്യ സ്വഭാവത്തെ സ്വന്തമാക്കികൊണ്ട്, ചാവറയച്ചൻ, ദൈവജനത്തിന്റെ ആത്മീയവിശുദ്ധീകരണത്തിനായി അക്ഷീണം അദ്ധ്വാനിച്ചു.

ചാവറയച്ചന്റെ നിസ്വാർത്ഥ സേവനങ്ങളാണ് അക്കാലത്ത് അബദ്ധസിദ്ധാന്തങ്ങളുമായി വന്നെത്തിയ റോക്കോസ്, മേലൂസ്, ശിശ്മകളിൽ നിന്ന് കേരള കത്തോലിക്കാ സഭയെ സംരക്ഷിച്ചത്. ചാവറപിതാവിന്റെ ദീർഘവിക്ഷണത്തിൽ നിന്നാണ്, ഇന്ന് കേരളസഭയുടേതായ വിദ്യാഭ്യാസ സ്ഥാപനങ്ങളും, അച്ചടിശാലകളും, ആതുരാലയങ്ങളും, അനാഥാലയങ്ങളും, ധ്യാനമന്ദിരങ്ങളും മറ്റും ജന്മമെടുത്തത്. 'മാന്നാനത്തു വിരിഞ്ഞ വിശുദ്ധ പുഷ്പം' എന്നറിയപ്പെട്ടിരുന്ന ചാവറയച്ചൻ ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനായി തുടങ്ങിവെച്ചതാണ് നാൽപ്പതുമണിക്കൂർ ആരാധന, ഞായറാഴ്ചപള്ളിപ്രസംഗങ്ങൾ, പൊതുജനധ്യാനങ്ങൾ, നൽമരണസഖ്യം തുടങ്ങിയവ.

അങ്ങനെ, ചാവറയച്ചൻ ദിവ്യകാരുണ്യഭക്തിയിലൂടെ, തന്റെയും മറ്റുള്ളവരുടെയും ജീവന് ദൈവീക മഹത്വവും സമൃദ്ധിയും പ്രദാനം ചെയ്തു. "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവർ ഏറെ ഫലം പുറപ്പെടുവിക്കുന്നു" ( യോഹ.15 : 4,5).

Chapter

2

# ചാവറയച്ചനും തിരുഹൃദയഭക്തിയും

മരണാസന്നനായ ചാവറയച്ചന്, 1871 ജനുവരി 2-ാം തിയ്യതി രോഗീലേപനം നൽകപ്പെടുകയുണ്ടായി. രോഗീലേപനം സ്വീകരിക്കുന്നതിനുമുമ്പ്, കൂടപിറപ്പുകളെന്ന് ചാവറയച്ചൻ വിളിച്ചിരുന്ന കൂനമ്മാവ് കൊവേന്തയിലെ സഹസന്യാസികളോട്, മരണകിടക്കയിൽ കിടന്നുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് നിവ്യായുടെ വചനം പോലെ ആയുസ്സിന്റെ വെള്ളത്തെ കോരിയെടുപ്പിൻ".

യേശുവിന് മുമ്പ് മനുഷ്യന് ദൈവത്തിന്റെ വചനം പകർന്നു നൽകിയിരുന്നത് പ്രവാചകൻമാരാണ്. 'പ്രവാചകൻ' എന്ന പദത്തിന്റെ പര്യായപദമാണ് 'നിവ്യാ'. ആയുസ്സ് അപകടത്തിലാകുമ്പോൾ, മരണം അരികത്തെത്തി നിൽക്കുമ്പോൾ, ജീവന്റെ നിലനിൽപ്പിനുവേണ്ടി പ്രവാചകൻമാരെകൊണ്ട് പ്രാർത്ഥിച്ചവരെപ്പറ്റി നാം പഴയനിയമത്തിൽ വായിക്കുന്നുണ്ട്. പ്രവാചകൻമാരുടെ പ്രാർത്ഥനാവചനങ്ങളിലൂടെ മരണത്തിൽ നിന്ന് രക്ഷപ്പെട്ടവരുടേയും ദീർഘായുസ്സ് ലഭിച്ചവരുടേയും ചരിത്രങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ ഉണ്ട്.

"ആ ദിവസങ്ങളിൽ ഇസ്രായേലിന്റെ രാജാവായിരുന്ന ഹെസക്കിയാ രോഗിയാകുകയും മരണത്തോട് അടുക്കുകയും ചെയ്തു... അപ്പോൾ ഏശയ്യായ്ക്ക് കർത്താവിന്റെ അരുളപ്പാടുണ്ടായി... നീ ചെന്ന് ഹെസക്കിയായോട് പറയുക... നിന്റെ പ്രാർത്ഥന ഞാൻ ശ്രവിച്ചിരിക്കുന്നു... നിന്റെ ആയുസ്സ് പതിനഞ്ചുവർഷം കൂടി ഞാൻ ദീർഘിപ്പിക്കും" (ഏശയ്യാ. 38:1-6). "ഞാൻ അങ്ങയോട് ജീവൻ യാചിച്ചു; അവിടുന്ന് അതു നൽകി. സുദീർഘവും അനന്തവുമായ നാളുകൾ തന്നെ" (സങ്കീ. 21:4).

ഇത്തരത്തിലുള്ള സംഭവങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടാണ് ആയുസ്സും ഐശ്വര്യവും ഉണ്ടാകുവാൻ ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി അഭംഗുരം പാലിക്കുവാൻ ചാവറയച്ചൻ പറഞ്ഞത്.

ആവിലായിലെ വി. അമ്മത്രേസ്യാ പറയുന്നു: "ഈശോയുടെ തിരുവിലാവിൽ നിന്ന് ജീവരക്തം എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു. അത് കോരിയെടുത്ത് ആത്മാവുകൾക്ക് നൽകുകയെന്നുള്ളതാണ് നമ്മുടെ ദൗത്യം". "എന്റെ ഹൃദയം അവനുവേണ്ടി തുടിക്കുന്നു. എനിക്ക് അവനോട്

നിസ്സീമമായ കരുണതോന്നുന്നു" (ജറെ.31:20). മനുഷ്യനോടുള്ള മഹാസ്നേഹംകൊണ്ടുമാത്രം സ്വന്തം ഹൃദയത്തിലെ അവസാനതുള്ളി രക്തവും ജലവും ഭൂമിയിലേയ്ക്ക് ഒഴുക്കിയവനാണ് യേശു. ആ സ്നേഹ പാരമ്യത, തിരുഹൃദയഭക്തിയിലൂടെ അറിയുവാനും അനുകരിക്കുവാനും ചാവറയച്ചൻ അനുശാസിക്കുന്നു. ഒപ്പം, യേശുവിലുള്ള വിശ്വാസം സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ജീവിതത്തിൽ അധിഷ്ഠിതമായിരിക്കണമെന്നും, തിരുഹൃദയത്തെ മാതൃകയാക്കി കാണിച്ചുകൊണ്ട് ചാവറയച്ചൻ ഉപദേശിക്കുന്നു.

ജീവൻ നിലനിർത്തുവാൻ ജലത്തിന് പരമമായ പ്രാധാന്യമുണ്ട്. പ്രവാചകൻമാരുടെ അരുളപ്പാടുകളിലൂടെ വെളിവാക്കപ്പെടുന്ന ദൈവവചനത്തിന്റെ പ്രാധാന്യം, മനുഷ്യജീവിതത്തിന് എത്രമാത്രം വിലപ്പെട്ടതാണെന്നുള്ളത്, വെള്ളത്തെക്കുറിച്ചുള്ള താരതമ്യത്തിലൂടെ ചാവറയച്ചൻ സ്ഥാപിക്കുന്നു. "ഞാൻ ജീവിച്ചിരിക്കുവാനും അങ്ങയുടെ വചനം അനുസരിക്കുവാനും ഈ ദാസന്റെ മേൽ കൃപ ചൊരിയണമെ" (സങ്കീ.119:16).

ആത്മീയ ചിന്തകനായ സ്റ്റെൻവെൽ ജാക്സൺ പറയുന്നു: "മനുഷ്യനെ ദൈവം എല്ലാ ദിവസവും അളക്കുന്നു. അടിമുതൽ മുടിവരെയല്ല; മനുഷ്യന്റെ ഹൃദയത്തിനുചുറ്റും." മുൾമുടിയാൽ തുളയ്ക്കപ്പെട്ട രൂപത്തിലാണ് ഈശോയുടെ തിരുഹൃദയത്തിന്റെ ചിത്രം നാം സാധാരണയായി കാണുന്നത്. "ഹൃദയശാന്തതയും എളിമയുമുള്ള ഈശോയെ, എന്റെ ഹൃദയം അങ്ങെ തിരുഹൃദയത്തിന് ഒത്തതാക്കി തീർക്കണമെ." എന്നുള്ളത് വളരെ പരിചിതമായിട്ടുള്ള സുകൃത ജപമാണല്ലോ. നമ്മുടെ ഹൃദയങ്ങളെ അളക്കുവാൻ ദൈവം വരുമ്പോൾ, അവിടുന്ന് പ്രധാനമായും നോക്കുന്നത് അവ എത്രമാത്രം ഈശോയുടെ തിരുഹൃദയം പോലെയായിട്ടുണ്ട് എന്നുള്ളതാണ്. മാനവഹൃദയങ്ങൾ തിരുഹൃദയം പോലെയാകണമെങ്കിൽ യേശുവിന്റെ തിരുവചനം പാലിച്ചുകൊണ്ട് ജീവിക്കുവാൻ നാം എപ്പോഴും ശ്രദ്ധിക്കുന്നവരായിരിക്കണം. ത്യാഗത്തിന്റേയും, സഹനത്തിന്റേയും, സംയമനത്തിന്റേയും പാതകളെ പുണർന്നുകൊണ്ടായിരിക്കണം ഈ ശ്രദ്ധയുള്ള ജീവിതത്തെ നാം മുന്നോട്ട് കൊണ്ടുപോകേണ്ടത്. ഇത്തരത്തിലുള്ള പ്രയാണത്തിൽ, നമ്മുടെ ഹൃദയങ്ങളും തിരുഹൃദയം പോലെ മുറിവേൽക്കപ്പെടുകയും മുള്ളുകളാൽ തുളയ്ക്കപ്പെടുകയും ചെയ്യുക സ്വാഭാവികമാണ്. പക്ഷേ, "സ്നേഹം സകലതും സഹിക്കുന്നു" (1 കൊറി. 13:7).

"സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ. 15:13). ഈ വലിയ സ്നേഹമാണ് ഈശോയുടെ

തിരുഹൃദയത്തെ മധുരമുള്ളതാക്കി തീർത്തത്. "ഈശോയുടെ മധുരമുള്ള തിരുഹൃദയമെ, നീയെന്റെ രക്ഷയായിരിക്കണമെ." ചന്ദനം ചാരിയാൽ ചന്ദനം മണക്കും. നിബന്ധനകൾ ഇല്ലാതെ സ്നേഹിക്കുന്ന സ്വഭാവം ഈശോയെപോലെ നമുക്കും ഉണ്ടായാൽ നമ്മുടെ ഹൃദയങ്ങളും മധുരമുള്ളതായി തീരും. അത്തരം ഹൃദയങ്ങൾക്ക് ഈശോ എപ്പോഴും സംരക്ഷണം നൽകും.

ചാവറയച്ചൻ ഈശോയെ 'അപ്പാ' എന്നാണ് വിളിച്ചു പ്രാർത്ഥിച്ചിരുന്നത്. ചാവറയച്ചന് ഈശോയുടെ തിരുഹൃദയം ഒരു നല്ല അപ്പന്റെ ഹൃദയം പോലെ ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. ആ തിരുഹൃദയത്തിൽ നിന്ന് ഉത്ഭവിച്ച്, തിരുഅധരങ്ങളിലൂടെ നിർഗ്ഗളിച്ച തിരുവചനങ്ങളാണ് ചാവറയച്ചന്റെ ജീവനേയും ആയുസ്സിനേയും മുന്നോട്ട് നയിച്ചിരുന്നത്.

ലോകത്തിന്റെ പ്രകൃതം മാറ്റിമറിക്കുവാൻ കർമ്മം ചെയ്യുന്നവനാണ് യഥാർത്ഥ ഭക്തനെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. മാതാ അമൃതാനന്ദമയി പറയുന്നു; ''ഈശ്വരനോടുള്ള ഭക്തിയാകുന്ന തീർത്ഥജലം കൊണ്ട് മനുഷ്യസമൂഹത്തിലെ മാലിന്യങ്ങൾ കഴുകി വൃത്തിയാക്കുന്നതിനായിരിക്കണം ഈശ്വരവിശ്വാസി പ്രധാനമായും ശ്രദ്ധിക്കേണ്ടത്." ഈശോയുടെ തിരുഹൃദയത്തോട് ചേർന്നിരുന്നുകൊണ്ട് ലോകത്തിന്റെ പ്രകൃതം പരിഷ്ക്കരിക്കുവാൻ ഏറെ പ്രയത്നിച്ചവനാണ് ചാവറയച്ചൻ. സമകാലീന സമൂഹത്തെ മാത്രമല്ല, ഭാവി തലമുറയെക്കൂടി ശുദ്ധീകരിക്കുവാനുള്ള ആദ്ധ്യാത്മിക ശക്തി അദ്ദേഹത്തിന്റെ ഭക്തിയിൽ നിറഞ്ഞിരുന്നു.

"ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ രാജ്യം വരേണമെ". സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്ന ദൈവരാജ്യമാണ് ഈശോയുടെ തിരുഹൃദയത്തിന്റെ രാജ്യം. ''ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (റോമ. 14:17). പരിശുദ്ധാത്മാവ് നിറഞ്ഞ മനുഷ്യനെന്ന് എല്ലാവരാലും വിളിക്കപ്പെട്ടിരുന്ന ചാവറയച്ചൻ, ഈശോയുടെ തിരുഹൃദയത്തിന്റെ രാജ്യം സ്വന്തം ജീവിതത്തിലും, മറ്റുള്ളവരിലും സംജാതമാക്കുന്നതിൽ വളരെയേറെ വിജയിച്ച മഹാത്മവുമാണ്.

"കേസരിരാജൻ നീ
നിന്നുടെ സുമതം
കേരളമൊകെയും
കാണാകേണം."

(ആത്മാനുതാപം)

എന്നുള്ളതായിരുന്നു ചാവറയച്ചന്റെ ഏറ്റവും വലിയ പ്രാർത്ഥന.

Chapter 3

# ചാവറയച്ചനും മരിയഭക്തിയും

വാഴ്ത്തപ്പെട്ട ചാവറയച്ചൻ പരിശുദ്ധ കന്യകാമറിയത്തിന്റെ വലിയ ഭക്തനായിരുന്നു.

"കന്യകാ മമ മാതേ
അമ്മേ ശരണം നീ
ചങ്കിൽ നിന്നോർമ്മ ഞാൻ
എപ്പോഴും സൂക്ഷിക്കുന്നു."

എന്നാണ് ചാവറയച്ചൻ 'ആത്മാനുതാപ'ത്തിൽ കന്യകാമറിയത്തോടുള്ള ഗാഢബന്ധത്തെ സൂചിപ്പിച്ചുകൊണ്ട് എഴുതിയിട്ടുള്ളത്.

കേരള കത്തോലിക്കരുടെ ഇടയിൽ മരിയഭക്തി പ്രചരിക്കുവാനും സുദൃഢമാകുവാനും ചാവറയച്ചൻ വലിയ പ്രേരക സ്രോതസ്സായി.

ദൈവ ജനനി, സഹരക്ഷക, ത്രിലോക രാജ്ഞി, വ്യാകുലനാഥ, സഭാംബിക എന്നിങ്ങനെയുള്ള പരിശുദ്ധ അമ്മയെക്കുറിച്ചുള്ള പരമ്പരാഗതമായ എല്ലാ അപദാനസ്തുതിനാമങ്ങളും ചാവറയച്ചൻ രചനകളിൽ പ്രയോഗിച്ചിട്ടുണ്ട്. ഒപ്പം, കന്യകാരത്നമൗലേ, ഗുണനാഥേ, വരവർണ്ണിനി, ശ്രേഷ്ഠശംഖിലും നിർമ്മല മണി, സൂര്യ ദേവജനനി, മുതലായ ഭക്തിരസം തുളുമ്പുന്ന അനേകം വിശിഷ്ട വിശേഷണ വാക്കുകളും അദ്ദേഹത്തിന്റെ കൃതികളിൽ ദൃശ്യമാണ്.

"അമ്മയേ മഹാദയാനാഥയേ
രാജ്ഞീ, മമനിർമ്മലാംഗിയേ
മമശക്തിയേ രാജേശ്വരീ".

എന്നുള്ള ശ്ലോകം മാതാവിനെ കുറിച്ചുള്ള ചാവറയച്ചന്റെ സ്തുതിനാമപദങ്ങൾക്ക് ഉത്തമ ഉദാഹരണമാണ്.

എന്നിരുന്നാലും, 'അമലോത്ഭവയായ കർമ്മലമാതാവ്' എന്നുള്ളതായിരുന്നു ചാവറപിതാവിന് ഏറ്റവും പ്രിയമുള്ള പ്രകീർത്തന പദം. കാരണം, അമലോത്ഭവയായ കർമ്മല മാതാവിന്റെ നാമത്തിലായിരുന്നുവല്ലോ ചാവറയച്ചൻ നേതൃത്വം നൽകിയ ഭാരതത്തിലെ ആദ്യത്തെ സന്യാസ സഭ സ്ഥാപിതമായത്.

"കർമ്മല അമ്മ നീയേ
എന്നുള്ള മമഭാഗ്യം
നിർമ്മല അമ്മേ
തവദാസ്യവുമതുകിട്ടി
എന്നുള്ളതു നിനയ്ക്കുമ്പോൾ
എന്നുടെ മഹാഭാഗ്യം."

'ആത്മാനുതാപ' ത്തിലെ പ്രസ്തുത സ്തുതിപ്പിൽ അമലോത്ഭവ കർമ്മല മാതാവിനോടുള്ള ചാവറയച്ചന്റെ അത്യന്തം തീക്ഷ്ണതയുള്ള ഭക്തി സുവ്യക്തമാകുന്നു. ജപമാലരാജ്ഞിയോടുള്ള ഭക്തിപ്രകടിപ്പിച്ചു കൊണ്ട്,

"വിശുദ്ധനാം ദുമ്മിനിങ്കോസിൻ
തുണകൊണ്ടു ഞാൻ നിന്റെ
ദാസ്യം ജപമാലതൻ നാമാൽ."

എന്നും ചാവറയച്ചൻ ഏറ്റുചൊല്ലിയിട്ടുണ്ട്.

ഭാരതത്തിന്റെ രാഷ്ട്രപിതാവായിരുന്ന അബ്ദുൾകലാം 'അഗ്നിച്ചിറകുകൾ' എന്ന അദ്ദേഹത്തിന്റെ ആത്മകഥയിൽ, "അമ്മയുടെ ഭക്തിയാണ് കുഞ്ഞുങ്ങളുടെ ശക്തി" എന്ന് എഴുതിയിട്ടുണ്ട്. ചാവറയച്ചന്റെ അമ്മ വലിയ ദൈവമാതൃഭക്തയായിരുന്നു. പരിശുദ്ധ അമ്മയുടെ വിളിപ്പേരായ 'മറിയം' എന്നുള്ളതുതന്നെയായിരുന്നു അവരുടെ പേരും. സുപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ വെച്ചൂർ ദേവാലയത്തിൽ ചാവറയച്ചൻ ശിശുവായിരുന്നപ്പോൾ അമ്മ കൊണ്ടുപോകുകയും, ദൈവമാതാവിന് അടിമവെക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. സ്വന്തം അമ്മയുടെ ദൈവമാതൃഭക്തി ചാവറയച്ചനെ വളരെ സ്വാധീനിക്കുകയും, ജീവിതത്തിലുടനീളം മരിയഭക്തി ചാവറയച്ചന് വലിയ ശക്തി സ്രോതസ്സായി മാറുകയും ചെയ്തു.

ഉപദേശങ്ങൾ പലവിധമുണ്ടെന്ന് ഭാരതീയ ആദ്ധ്യാത്മിക ഗുരുക്കന്മാർ പറയുന്നു. അതിൽ ഏറ്റവും ശ്രേഷ്ഠമായത്, സാത്വികസ്വഭാവമുള്ള സ്ത്രീ നൽകുന്ന ഉപദേശമാണെന്നാണ് ആചാര്യന്മാരുടെ അഭിമതം. സാത്വികസ്വാഭാവമുള്ള സ്ത്രീ സുകൃതപൂരിതയാണ്. അത്തരം സ്ത്രീകളുടെ ഉപദേശങ്ങൾ മനുഷ്യാത്മാവിനെ ദൈവത്തിങ്കലേക്ക് ഉയർത്തുന്ന മാധുര്യം, വിനയം, കൃതജ്ഞത, സരസത എന്നീ ഗുണവിശേഷങ്ങൾ സ്വായത്ത മാക്കുവാൻ സഹായം നൽകുന്നവയായിരിക്കും.

മറിയം "സ്ത്രീകളിൽ അനുഗ്രഹീതയാണ" (ലൂക്ക. 1:42). കാരണം, മറിയം എപ്പോഴും ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിച്ചുകൊണ്ട് ജീവിച്ചിരുന്നവളായിരുന്നു (മാർക്കോ.4:35). സ്വർഗ്ഗീയസൗന്ദര്യം ഏറ്റവും

അധികം സ്വായത്തമാക്കിയ ദൈവസൃഷ്ടിയാണ് മറിയം (വെളി.12:1-2).

സാത്വിക ഭാവങ്ങൾ നിർഗ്ഗളിക്കുന്ന സുകൃതപൂരിതയാണ് പരിശുദ്ധ കന്യകാമറിയം. അമലമനോഹരിയായ ആ അമ്മയുടെ ദാസനായിരിക്കുന്നതും, ആ അമ്മയുടെ ജീവിതമാതൃകയെ ജീവിതകാലം മുഴുവൻ ഒരു ഉത്തമ ഉപദേശമായി സ്വീകരിക്കുന്നതും മഹാസൗഭാഗ്യമായി കരുതിയിരുന്നവനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

മരിയഭക്തി കുറെ നൊവേനകളിലും നമസ്കാരങ്ങളിലും ഒതുങ്ങിനിൽക്കുന്ന അനുഷ്ഠാനപ്രക്രിയ മാത്രമാകരുത്. മരിയ ഭക്തിക്ക് മാറ്റ് നൽകുന്നത് മാതാവിന്റെ ദൈവേഷ്ട നിർവ്വഹണത്തിലൂടെയുള്ള യേശു ശിഷ്യത്വം സ്വായത്തമാക്കുന്നതിലും അനുകരിക്കുന്നതിലുമാണ്.

"ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിൽ വളർന്ന് വലുതാകുവാൻ" (ലൂക്ക.2:52), നിത്യ പുരോഹിതനായ ഈശോയെ വളർത്തി വലുതാക്കിയ പരി.കന്യകാമറിയത്തിന്റെ ഉപദേശം തേടിയിരുന്ന ദാസനായി, വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്നെത്തന്നെ രൂപാന്തരപ്പെടുത്തിയെടുത്തു എന്നുള്ളതിലാണ് ചാവറയച്ചന്റെ മരിയഭക്തിയുടെ മഹനീയത.

പരി. അമ്മയെപ്പോലെ എല്ലാവർക്കും ദൈവസ്നേഹത്തിന്റേയും പരസ്നേഹത്തിന്റേയും മാധുര്യം നൽകുനന്നവനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. അത്യന്തം വിനീതനായിരുന്ന ചാവറയച്ചൻ, സ്വീകരിച്ചിരുന്ന ദൈവപരിപാലനയ്ക്ക് എപ്പോഴും കൃതജ്ഞത ഉള്ളവനായിരുന്നു. അദ്ദേഹത്തിന്റെ പള്ളിപ്രസംഗങ്ങൾ സരസവും, രസകരവും, ദൈവജനത്തെ സുകൃത സരണിയിലേക്ക് ആനയിക്കുവാൻ അത്യന്തം പ്രാപ്തവുമായിരുന്നു.

"എന്റെ ഈശോയെ, ഞങ്ങൾക്ക് മാതാവും, സങ്കേതവുമായ പരി. മറിയത്തിന്റെ തിരുമുഖത്തെക്കുറിച്ച് ഞങ്ങളുടെ മേൽ അനുഗ്രഹമായിരിക്കണമെ." (ചാവറയച്ചൻ ഉപയോഗിച്ചിരുന്ന ആത്ഭുതശക്തിയുള്ള സുകൃതജപം)

Chapter

4

# ചാവറയച്ചനും മാർയൗസേപ്പുഭക്തിയും

ഭാരതീയ നാട്യശാസ്ത്രത്തിൽ വളരെ വിശേഷതകളുള്ള നായക സങ്കൽപ്പങ്ങളുണ്ട്. നായകന്മാർ നാല് തരത്തിൽ ഉണ്ടെന്നും, അവരിലെ ധീരപ്രശാന്ത വർഗ്ഗത്തിൽപ്പെട്ട നായകൻ, ഈശ്വര സന്നിധിയിൽ ജീവിക്കുന്നവനായിരിക്കുമെന്നും, നാട്യാചാര്യനായ ഭരതമുനി വിഭാവനം ചെയ്തിരിക്കുന്നു. ധീരപ്രശാന്ത സ്വഭാവമുള്ള നായകൻ ഉന്നതകുല ജാതനായിരിക്കും. നമ്രത, ത്യാഗം, സുന്ദരത, മിതഭാഷണം. സൽബുദ്ധി, കാര്യകുശലത, ദീർഘദൃഷ്ടി എന്നിവയാൽ സമ്പന്നനായിരിക്കും ; ജീവിതത്തിൽ സംയമനവും, ശാന്തതയും ധീരോചിതമായി പാലിക്കുന്നവനും ആയിരിക്കും. ഇത്തരത്തിലുള്ള നായകൻ ആസ്വാദകരുടെ പ്രകൃതത്തെ പരിഷ്കരിക്കുമെന്നും, അവരെ ഈശ്വരസായൂജ്യത്തിലേക്ക് സംവഹിക്കുമെന്നും നാട്യാചാര്യന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

യേശുവിന്റെ വളർത്തുപിതാവായ മാർയൗസേപ്പ് സുവിശേഷങ്ങളിലെ ധീരപ്രശാന്തനായകനാണ്. ആഭിജാത്യവും, ആഢ്യത്വവുമുള്ള ദാവീദിന്റെ വംശത്തിൽപ്പെട്ടവനായിരുന്ന യൗസേപ്പിതാവ് ഒരു ധീരപ്രശാന്ത നായകന്റെ സർവ്വ ഗുണങ്ങളാലും സമലംകൃതനായിരുന്നു.

"മേ പ്രിയതാതൻ നീയെ
ഓർത്തു നിൻ ദാസൻ എന്നെ
ചേർത്തു നിൻ സുതൻ
പക്കലണച്ചീടണമെന്നെ".

(ആത്മാനുതാപം 4:204)

എന്നിങ്ങനെയുള്ള വരികളിൽ ധീരപ്രശാന്ത നായകസ്വഭാവമുള്ള യൗസേപ്പിതാവിനെ ത്രിത്വസന്നിധിയിൽ എത്തിച്ചേരുവാൻ ചാവറപിതാവ് ആശ്രയിക്കുന്നതായി നാം കാണുന്നു.

"മരണമെന്ന മഹാകടൽ കടക്കാൻ തക്കവണ്ണം മാലു (വള്ളി) വായിരിക്കുന്ന ശുദ്ധയൗസേപ്പിതാവിന്റെ മേലുള്ള ഭക്തി എത്രയോ വലുതായിരിക്കുന്നു" എന്ന്, ചാവറയച്ചന്റെ ഇടവകയായിരുന്ന കൈനകരിയിലെ കത്തോലിക്കർക്ക് കത്തിലൂടെ ചാവറയച്ചൻ എഴുതി അറിയിച്ചിട്ടുണ്ട്. മാന്നാനത്ത് സ്ഥാപിച്ച സി. എം. ഐ. സഭയുടെ ആദ്യആശ്രമത്തിന് യൗസേപ്പിതാവിന്റെ നാമധേയത്തിൽ പേരിടുവാനും ചാവറയച്ചന്റെ

മാർയൗസേപ്പുഭക്തി ഒരു പ്രചോദകഘടകമായിരുന്നു. ചാവറയച്ചൻ സ്ഥാപിച്ച 'നൽമരണസഖ്യം' ''മാർയൗസേപ്പ് പുണ്യവാളന്റെ സ്തുതിക്കായിട്ട്'' ആയിരുന്നു എന്ന് ചാവറയച്ചൻ നാളാഗമങ്ങളിൽ എഴുതിവെച്ചിട്ടുണ്ട്. മാർയൗസേപ്പിതാവിന്റെ മഹാഭക്തനായിരുന്നു താൻ എന്നുള്ള ചാവറയച്ചന്റെ സ്വയം സാക്ഷ്യപ്പെടുത്തലുകളാണ് ഇവയെല്ലാം.

ചാവറയച്ചന് പതിമൂന്ന് വയസ്സുള്ളപ്പോൾ, അദ്ദേഹത്തിന്റെ പിതാവും, മാതാവും, സഹോദരനും നാട്ടിലുണ്ടായ പകർച്ചവ്യാധിയുടെ ഇരകളായി അകാലമരണമടഞ്ഞു. തീർത്തും അനാഥനെപോലെ ആയിതീർന്നപ്പോൾ, യൗസേപ്പിതാവിനെയാണ് ചാവറയച്ചൻ അപ്പനായി സ്വീകരിച്ചത്. പുത്രസമാനമായ വികാരവായ്പ്പോടെ 'ധ്യാനസല്ലാപ'ങ്ങളിൽ ചാവറയച്ചൻ എഴുതിയിരിക്കുന്നു : ''എന്റെ ദയയുള്ള പിതാവെ, എന്റെ ഭയങ്ങളൊക്കെയും കുറയ്ക്കുന്നതിന് എന്റെ പിതാവും മാദ്ധ്യസ്ഥനുമായിരിക്കുന്ന നിന്നെക്കുറിച്ചുള്ള ഓർമ്മ എന്ന ഏകവഴി മാത്രമാണ് എനിക്കുള്ളത്.... പ്രിയം നിറഞ്ഞ പിതാവായ മാർയൗസേപ്പ് പുണ്യവാളാ, എന്റെ ദുർഗുണങ്ങളുടെ അവസാനവും, എന്റെ ആത്മശത്രുക്കളോടുള്ള ജയസന്തോഷവും, എനിക്ക് എന്റെ പിതാവായ നീ, നിന്റെ പുത്രനെ ബോധിപ്പിക്കണമെന്നുള്ള എന്റെ അപേക്ഷകൾ നിന്റെ തൃപ്പാദത്തിങ്കൽ ഞാനണക്കുന്നു.''

ഔസേപ്പിതാവിനോടുള്ള ഭക്തിയിലൂടെ അത്ഭുതകരമായ ദൈവകൃപകൾ പ്രാപിക്കുവാൻ സാധിച്ചതായി ചാവറയച്ചൻ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ''ഞങ്ങളുടെ തലവൻ പോരൂക്കര അച്ചന്റെ ദീനത്തിന് ഭേദം കാണായ്കയാൽ, ചൊവ്വരെ മാർയൗസേപ്പ് പുണ്യവാളന്റെ പള്ളിയിൽ പാർത്തു. അവിടെ വെച്ച് ദീനം കടുത്തുവെങ്കിലും, മാർയൗസേപ്പ് പുണ്യവാളന്റെ സഹായത്താൽ കുറെ ഭേദമായി.... വേലക്കാരുടെ ശമ്പളം മുതലായ പലവിധ ചിലവിനും ഒരു പൈസയും ഇല്ല. ഒരുവഴിയും ഇല്ലാതെ കാക്കുന്ന മാലാഖയോടും, യൗസേപ്പ് പുണ്യവാളനോടും അപേക്ഷിച്ച് ക്ലേശിക്കുമ്പോൾ ഒരാൾ ആവശ്യമായ പണവുമായി വന്നു'' (നാളാഗമങ്ങൾ).

അനുദിന ജീവിതത്തിലെ വ്യക്തിബന്ധങ്ങളിലും, കർത്തവ്യനിർവ്വഹണത്തിലും ചാവറയച്ചന് ഔസേപ്പിതാവ് മഹാമാതൃകയായിരുന്നു. ഔസേപ്പിതാവിന്റെ ക്ഷമയെ അനുകരിക്കുവാൻ ചാവറയച്ചൻ സർവ്വാത്മനാ ശ്രദ്ധിച്ചിരുന്നു. മാർയൗസേപ്പിന്റെ ക്ഷമാശീലത്തെ പുകഴ്ത്തി കൊണ്ട് ചാവറയച്ചൻ എഴുതിയിരിക്കുന്നു :

> ''ക്ഷപനാം പിതാവെന്റെ ശരണം യൂസെ മുനി-
> ക്ഷമയാൽ പാർത്തു നോക്കും സുതനെ
> ബഹു സ്നേഹത്താൽ''.
>
> (ആത്മാനുതാപം 2 : 240).

മൗനം പാലിക്കുന്നവനും, മനനം ചെയ്യുന്നവനുമാണ് മുനി. പ്രതികൂല സാഹചര്യങ്ങളിലും, പ്രതിസന്ധിഘട്ടങ്ങളിലും, പ്രതിഷേധാത്മകമായി പെട്ടെന്ന് പ്രതികരിക്കുകയെന്നത് വൈകാരിക പക്വതയുടെ പോരായ്മയിലേക്കാണ് വിരൽ ചൂണ്ടുക. വസ്തുനിഷ്ഠമായി മറ്റുള്ളവരെയും, വിപരീത സാഹചര്യങ്ങളെയും മനസ്സിലാക്കികൊണ്ടുള്ള പ്രതികരണത്തിന്, മൗനവും മനനവും ആവശ്യമാണ്. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭിണിയായി കാണപ്പെട്ടപ്പോഴും, ദൈവപുത്രനെ മറിയത്തിന് കാലിതൊഴുത്തിൽ പ്രസവിക്കേണ്ടതായി വന്നപ്പോഴും, ഈജിപ്തിലേക്കുള്ള പലായന സാഹചര്യത്തിലും, ബാലനായ യേശുവിനെ നഷ്ടപ്പെട്ടപ്പോഴുമൊക്കെ ഔസേപ്പിതാവ് പ്രകടിപ്പിച്ച ക്ഷമ സ്വർഗ്ഗീയ സ്വഭാവമുള്ളതായിരുന്നു. ഔസേപ്പിതാവിന്റെ ഈ ക്ഷമയെ 'മുനിക്ഷമ' എന്ന് ചാവറയച്ചൻ പുകഴ്ത്തുന്നു.

ദൈവീകമനുഷ്യന്റെ ഭൂഷണമാണ് ക്ഷമ. സുകൃതാഭ്യാസത്തിൽ പുരോഗമിക്കണമെങ്കിൽ ക്ഷമ അത്യന്താപേക്ഷിതമാണ്. ക്ഷമയുള്ളവർ ശാന്തശീലരായിരിക്കും. "ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും (മത്താ. 5:5). ഭൂമി അവകാശമാക്കുക എന്നു പറഞ്ഞാൽ എപ്പോഴും സന്തോഷത്തിലായിരിക്കും എന്നാണ് ഇവിടെ മനസ്സിലാക്കേണ്ടത്. ഔസേപ്പിതാവ് ശാന്തശീലനും ക്ഷമയുള്ളവനും ആയിരുന്നതുകൊണ്ട് എപ്പോഴും ദൈവീകസന്തോഷത്തിൽ ജീവിച്ചു. ആത്മീയ ആനന്ദത്തിൽ ലയിച്ചിരുന്ന ഔസേപ്പിതാവിനെ സ്തുതിച്ചുകൊണ്ട് ചാവറയച്ചൻ എഴുതിയിരിക്കുന്നു :

"ആനന്ദാബ്ധിയിൽ താഴുന്ന
ജ്ഞാനസ്വരൂപൻ ഔസേപ്പിനെ
കാണാകേണം".

(ആത്മാനുതാപം 3:41 -42).

ധീരപ്രശാന്തനായിരുന്ന ഔസേപ്പിതാവിനോടുള്ള ഭക്തിയിലൂടെ, ഔസേപ്പിതാവിലുണ്ടായിരുന്ന സൽഗുണങ്ങൾ ചാവറയച്ചൻ സ്വായത്തമാക്കി. ത്യാഗമനോഭാവവും, ദീർഘദൃഷ്ടിയോടുകൂടിയ കാര്യകുശലതയും, വിവേകിയായ ചാവറയച്ചനിൽ വിളങ്ങിയിരുന്നു. വിനയാന്വിതനായ ചാവറയച്ചൻ മിതഭാഷിയായിരുന്നുവെങ്കിലും, തിരുവചന വ്യാഖ്യാനവേളയിൽ സിംഹഗർജ്ജനം പൊഴിക്കുന്നവനായിരുന്നു. അംഗലാവണ്യം നിറഞ്ഞവനായിരുന്നു ചാവറയച്ചൻ എന്ന് സമകാലീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ചാവറയച്ചന്റെ സൗന്ദര്യത്തിന് മാറ്റുനൽകിയത് മാമോദീസയിൽ ലഭിച്ച വെള്ളവസ്ത്രം മലിനപ്പെടുത്താതെ സൂക്ഷിച്ചതിലാണ്. കന്യാവ്രതക്കാരുടെ കാവൽക്കാരനും, നിത്യപുരോഹിതനായ യേശു

ക്രിസ്തുവിനെ വളർത്തി വലുതാക്കിയവനുമായ മാർയൗസേപ്പ്, ചാവറയച്ചന്റെ വ്രതബദ്ധമായ പൗരോഹിത്യജീവിതത്തിന് ഒരു പിതാവിന്റെ പരിപാലനം നൽകി എപ്പോഴും അനുഗ്രഹിച്ചുകൊണ്ടിരുന്നു. മാർയൗസേപ്പുഭക്തി ചാവറയച്ചന് സുകൃതാഭ്യാസത്തിനും, ദൈവകൃപാലബ്ധിക്കും, നൽമരണത്തിനും, സ്വർഗ്ഗപ്രാപ്തിക്കും വഴിതെളിച്ചു.

Chapter

5

# ചാവറയച്ചനും തിരുകുടുംബഭക്തിയും

കത്തോലിക്കാ ഭവനങ്ങളിൽ തിരുകുടുംബത്തിന്റെ പവിത്രചിത്രം ഉണ്ടായിരിക്കുക എന്നുള്ളത് സർവ്വസാധാരണമാണ്. വിടർത്തിയ കൈകളുമായി വെള്ള ഉടുപ്പിട്ട് നിൽക്കുന്ന ഉണ്ണീശോ, ഉണ്ണീശോയുടെ വലതുവശത്ത് പരിശുദ്ധ അമ്മ, ഇടതുവശത്ത് വി. ഔസേപ്പിതാവ്, ഉണ്ണീശോയുടെ മുകളിലായി മുൾമുടി, മുൾമുടിയുടെ മുകളിൽ പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ്, പരിശുദ്ധാത്മാവിന്റെ മുകളിൽ പിതാവായ ദൈവം, പിതാവായ ദൈവത്തിന്റെ ഇരുവശങ്ങളിലായി മാലാഖമാർ - ഇങ്ങനെയാണ് തിരുകുടുംബത്തിന്റെ പരമ്പരാഗതമായ ചിത്രീകരണം. സന്ധ്യാസമയത്ത് കുടുംബാംഗങ്ങൾ തിരുകുടുംബത്തിന്റെ മുമ്പിൽ ഒരുമിച്ച്കൂടി പ്രാർത്ഥിക്കുന്നു.

ഒരിക്കലും കെടാത്ത ഭക്തിയും അടുപ്പവും തിരുകുടുംബത്തോട് ചാവറയച്ചനുണ്ടായിരുന്നു. പെറ്റമ്മയിൽ നിന്നാണ് ചാവറയച്ചന് തിരുകുടുംബഭക്തി ലഭിച്ചത് എന്ന് സൂചിപ്പിച്ചുകൊണ്ട് 'ആത്മാനുതാപ'ത്തിൽ അദ്ദേഹം എഴുതിയിരിക്കുന്നു :

"അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടി പറയിക്കും ദൈവത്തിൻ
ശുദ്ധ നാമമീശോ മറിയവും
ശുദ്ധനായ മാർയൗസേപ്പിൻ നാമവും".

അമലോത്ഭവമാതാവിന്റെ കർമ്മലീത്താസഭയിലെ സന്യാസ വൈദീകനായി വ്രതാർപ്പണം ചെയ്ത്, ഒരു പുതിയ ആത്മീയപാത ചാവറയച്ചൻ തിരഞ്ഞെടുത്തപ്പോൾ, സന്യാസപാരമ്പര്യമനുസരിച്ച് ഒരു പുതിയ പേരും അദ്ദേഹം സ്വീകരിച്ചു. തിരുകുടുംബത്തിന്റെ കുരിയാക്കോസ് ഏലിയാ എന്നതായിരുന്നു അത്. തന്റെ പേരിനോടൊപ്പം; തിരുകുടുംബത്തെ കൂട്ടിച്ചേർത്തു എന്നുള്ളത് ചാവറയച്ചനിൽ അന്തർലീനമായിരുന്ന തിരുകുടുംബ ഭക്തിയുടെ തെളിവാണ്.

മരണാസന്നവേളയിൽ ചാവറയച്ചൻ പറഞ്ഞു; "ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ, മറിയം, യൗസേപ്പ് എന്ന മഹാകുടുംബത്തെ എന്നെ ഓർമ്മിപ്പിക്കുകയും, ആ തിരുകുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാണുകയും, ഓർക്കുകയും, വണങ്ങുകയും

ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചു....." "കത്തോലിക്കാ ഭവനങ്ങൾ ആകാശമോക്ഷത്തിന്റെ സാദൃശ്യമായിരിക്കണം" എന്ന് 'നല്ല അപ്പന്റെ ചാവരുളിൽ' ചാവറയച്ചൻ ഉപദേശിച്ചിട്ടുണ്ട്. കുടുംബങ്ങൾ സ്വർഗ്ഗീയ പരിവേഷത്തിലാകണമെങ്കിൽ തിരുകുടുംബത്തെ മാതൃകയാക്കണം എന്നതായിരുന്നു ചാവറയച്ചന്റെ അഭിമതം. കാരണം, ഭൂമിയിലെ സ്വർഗ്ഗീയ സാന്നിദ്ധ്യമായിരുന്നു തിരുകുടുംബം. ദൈവത്തിന്റെ ഹിതം മാത്രം അനുവർത്തിക്കുന്നവരായിരുന്നു ഉണ്ണീശോയും, മാതാവും, യൗസേപ്പിതാവും. ദൈവപരിപാലനയ്ക്ക് സമ്പൂർണ്ണമായി സമർപ്പിച്ച ജീവിതമായിരുന്നു അവരുടേത്. പരിശുദ്ധാത്മാവിന്റെ വരങ്ങളും, ഫലങ്ങളും അവരിൽ നിറഞ്ഞു നിന്നിരുന്നു. തിരുകുടുംബത്തിന് എല്ലായ്പ്പോഴും മാലാഖമാരുടെ സംരക്ഷണം ഉണ്ടായിരിന്നു. സംഘർഷങ്ങളുടേയും, സങ്കടങ്ങളുടേയും മുൾമുടി ധരിക്കുവാൻ ലഭിച്ച അവസരങ്ങളെ, തിരുകുടുംബാംഗങ്ങൾ ദൈവീക പദ്ധതിയിൽ സ്വീകരിച്ചതുകൊണ്ട്, അവർക്ക് എപ്പോഴും പിതാവായ ദൈവത്തിന്റെ പരിപാലനം ഉണ്ടായിരുന്നു. ഭൂമിയിലെ സ്വർഗ്ഗീയസാന്നിദ്ധ്യമായിതീർന്ന തിരുകുടുംബത്തെപ്പോലെ ഓരോ കുടുംബവും ആയി തീരുക - ഇതായിരുന്നു ചാവറയച്ചന്റെ തിരുകുടുംബഭക്തിയുടെ അടിസ്ഥാനം.

തന്റെ മുറിയിലെ മേശപ്പുറത്ത്, എപ്പോഴും കാണത്തക്കവിധത്തിൽ തിരുകുടുംബത്തിന്റെ തിരുസ്വരൂപം ചാവറയച്ചൻ സൂക്ഷിച്ചിരുന്നു. മരണകിടക്കയിലായിരുന്ന സമയത്ത്, ചാവറയച്ചൻ തിരുകുടുംബത്തിന്റെ രൂപത്തെ നോക്കി വലിയ ഭക്തിയോടെ പ്രാർത്ഥിക്കുകയും, തന്നെ സന്ദർശിക്കുവാൻ വന്നവരോട്, "തിരുകുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ... നിങ്ങളുടെ ഹൃദയങ്ങളിൽ തിരുകുടുംബം അധികാരം നടത്തട്ടെ" എന്ന് പറയുകയും ചെയ്യുമായിരുന്നു. തിരുകുടുംബത്തെ ആശ്രയിച്ചാൽ, തിരുകുടുംബത്തിന് നമ്മുടെ ജീവിതങ്ങളിൽ സ്വാധീനം ഉണ്ടായാൽ, പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ എപ്പോഴും ജീവിക്കാമെന്ന് ചാവറയച്ചൻ വിശ്വസിച്ചിരുന്നു. ചാവറയച്ചന്റെ ഈ വിശ്വാസത്തിന്, സ്വന്തം ജീവിതാനുഭവങ്ങളിലൂടെ സാക്ഷ്യം നൽകികൊണ്ട് അദ്ദേഹം പറഞ്ഞു: "തിരു കുടുംബം എന്നെ സംരക്ഷിച്ചതുകൊണ്ട് മാമ്മോദീസയിൽ എനിക്ക് കിട്ടിയ വരപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ലെന്ന് പറയുന്നതിന് ദൈവാനുഗ്രത്താൽ എനിക്ക് ധൈര്യമുണ്ട്". പരിശുദ്ധാത്മാവ് നൽകുന്ന അനുഗ്രഹാഭിഷേകമാണ് വരപ്രസാദം. തിന്മയുടെ ബന്ധനങ്ങളിൽ നിന്നകന്ന് ദൈവീക ചൈതന്യത്തിൽ മാത്രം ജീവിക്കുന്നവരാണ് വരപ്രസാദം നഷ്ടപ്പെടുത്താത്തവർ. "അവർ ദൈവമക്കളാണ്" (റോമ 8:14).

"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ വേദനിപ്പിക്കരുത്; അവിടുന്നാണല്ലോ രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രിതരാക്കിയിരിക്കുന്നത്" (എഫേ. 4:30). ഓരോ കുടുംബവും രക്ഷയുടെ ദിനത്തിനായി കാത്തിരിക്കുന്നു. കുടുംബത്തേയും ജീവിതത്തേയും അലട്ടുന്ന അരിഷ്ടതകളിൽ നിന്നുള്ള മുക്തിയും മോചനവും ഈ രക്ഷാകാത്തിരിപ്പിലുണ്ട്. നിത്യരക്ഷയാകുന്ന സ്വർഗ്ഗസൗഭാഗ്യം നേടിയെടുക്കുക എന്നത് പരമമായ ലക്ഷ്യവുമാണ്. ഇവയിലൊക്കെ നമുക്ക് സഹായകനും, സാരഥിയും പരിശുദ്ധാത്മാവാണ്. ജീവിതത്തിലുടനീളം പരിശുദ്ധാത്മാവിന്റെ കൃപാഭിഷേകത്തിൽ ജീവിക്കുന്നതിനായി, തിരുകുടുംബഭക്തിയെ പുൽകുവാൻ ഉപദേശിച്ചുകൊണ്ട്, ചാവറയച്ചൻ 'ആത്മാനുതാപ'ത്തിൽ എഴുതിയിരിക്കുന്നു :

"ഓമന തൃകൈകൾ നീട്ടികൊണ്ട്
ഒന്മയിൽ മാതാപിതാക്കൾക്കുകാട്ടുന്ന
ഓനമ പുഞ്ചിരി കാണാകേണം."

തിരുകുടുംബഭക്തിയിലൂടെ ചാവറയച്ചൻ പകരുന്ന ഏറ്റവും വലിയ മൂല്യാമൃത് സ്വരുമയുടേതാണ്. പരിശുദ്ധത്രിത്വത്തിലെ അതിശയകരമായ ഐക്യം തിരുകുടുംബത്തിൽ ചാവറയച്ചൻദർശിച്ചു. പിതാവും പുത്രനും പരിശുദ്ധാത്മാവും ത്രിത്വത്തിൽ ഒന്നായിരിക്കുന്നതുപോലെ തിരുകുടുംബത്തിൽ ഉണ്ണീശോ ആകുന്ന കേന്ദ്ര ബിന്ദുവിൽ പെറ്റമ്മയായ പരിശുദ്ധ കന്യകാമറിയവും വളർത്തുപിതാവായ യൗസേപ്പിതാവും, എല്ലാ ഭിന്നതകളേയും മറികടന്ന്, സ്വർഗ്ഗീയമായ സൗഹാർദ്ദത്തിൽ സഹവസിച്ചു. സ്വരുമ സൃഷ്ടിക്കുവാനാണ് യേശു അവതരിച്ചതും, പ്രവർത്തിച്ചതും, പ്രാർത്ഥിച്ചതും. "അവരെല്ലാവരും ഒന്നാകാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ, അവിടുന്ന് എന്നെ അയച്ചുവെന്നും ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ. 17:21).

മദർ തേരേസ സ്ഥാപിച്ച 'മിഷനറീസ് ഓഫ് ചാരിറ്റി' സന്യാസിനി സഭയുടെ ആരംഭകാലത്ത്, വിവിധ പശ്ചാത്തലങ്ങളിൽ നിന്ന് സഭയിൽ അംഗങ്ങളായി എത്തിചേർന്നിട്ടുള്ള സഹോദരിമാരോട്, ഉപദേശത്തിനിടയിൽ അഗതികളുടെ അമ്മ പറഞ്ഞു: "Though, we have come in different boats, now we are in the same ship". പല വഞ്ചികളിലായി എത്തിചേർന്നതാണെങ്കിലും ഇപ്പോൾ എല്ലാവരും ഒരു കപ്പലിലാണ് എന്ന് മദർതേരേസ പറഞ്ഞിന് കുടുംബബന്ധങ്ങളിൽ വലിയ പ്രസക്തിയുണ്ട്. ഒരു കുടുംബത്തിലുള്ളവർ വിഭിന്ന സ്വഭാവകാരാവുകയെന്നത് സ്വഭാവികമാണ്. പക്ഷെ, ഐക്യവും കെട്ടുറപ്പും കുടുംബത്തിൽ ഉണ്ടാകണ

മെന്നുള്ളത് ഒരു അനിവാര്യതയാണ്. ഇത് സംജാതമാകണമെങ്കിൽ, തിരുകുടുംബാംഗങ്ങളെപോലെ, ദൈവേഷ്ടനിർവ്വഹണത്തിന് പ്രാധാന്യം നൽകുവാൻ കുടുംബാംഗങ്ങൾ സദാ സന്നദ്ധരാകണം. ദൈവേഷ്ടനിർവ്വഹണ ജീവിതമാണെങ്കിൽ, അവിടെ പരിശുദ്ധാത്മാവിന്റെ സംരക്ഷണം എപ്പോഴും ഉണ്ടായിരിക്കും.

"ദൈവത്തിന് ഇഷ്ടമില്ലാത്തത് വീട്ടിൽ കാത്തുസൂക്ഷിക്കുന്നത് വൈക്കോലിനകത്ത് തീ ഒളിച്ചുവെക്കുന്നതിന് സമമാകുന്നു" എന്ന് 'നല്ല അപ്പന്റെ ചാവരുളിൽ' ചാവറയച്ചൻ താക്കീത് തന്നിട്ടുണ്ട്. "ദൈവത്തിന്റെ ആത്മാവിനെ നിർവീര്യമാക്കുന്ന" (1 തെസ. 5:19) ഒരു ജീവിതശൈലിയും കുടുംബാംഗങ്ങളിൽ ഉണ്ടാകുവാൻ പാടില്ല. വസ്തുവകകളുടെ വിനിയോഗത്തിലായാലും, വിനോദോപാധികളുടെ ഉപയോഗത്തിലായാലും, സ്വകാര്യ ജീവിതത്തിലായാലും ദൈവേഷ്ടനിർവഹണമായിരിക്കണം ലക്ഷ്യം. അപ്പോൾ കുടുംബങ്ങൾ അനുഗ്രഹിക്കപ്പെടും; തിരുകുടുംബം പോലെ കുടുംബങ്ങൾ ഭൂമിയിലെ സ്വർഗ്ഗീയ സാന്നിദ്ധ്യമാകും. "നിങ്ങൾ ആദ്യം ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം, മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും"(മത്താ.6 : 33).

Chapter
6

# ചാവറയച്ചനും സ്ലീവാപാതഭക്തിയും

അമ്പതുനോമ്പുകാലത്തിലെ ഭക്തകൃത്യങ്ങളിൽ 'കുരിശിന്റെവഴി' വളരെ കാര്യപ്പെട്ടതാണ്. കുരിശിന് സുറിയാനി ഭാഷയിൽ പ്രയോഗിക്കുന്ന പദമാണ് 'സ്ലീവാ'. കേരള കത്തോലിക്കരുടെ തിരുകർമ്മങ്ങൾ ആരംഭ കാലഘട്ടങ്ങളിൽ സുറിയാനി ഭാഷയിലാണല്ലോ നടത്തിയിരുന്നത്. കേരള കത്തോലിക്കാ സഭയിൽ സ്ലീവാപാത സമാരംഭിച്ചത് വാഴ്ത്തപ്പെട്ട ചാവറയച്ചനാണ്.

നമ്മുടെ കർത്താവിന്റെ കാൽവരിയാത്രയിലെ സുപ്രധാന സംഭവങ്ങളെ അനുസ്മരിച്ചു കൊണ്ട് നടത്തുന്ന കുരിശിന്റെവഴി, പശ്ചാത്യ സഭകളിലാണ് ഒരു ഭക്തകൃത്യമായി പ്രചാരത്തിലായത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽ ജീവിച്ചിരുന്ന ചാവറയച്ചന്,അക്കാലത്ത് കേരളത്തിൽ ഉണ്ടായിരുന്ന പാശ്ചാത്യ മിഷണറികളുമായി വളരെ നല്ല സമ്പർക്കമുണ്ടായിരുന്നു. ഈ സൗഹാർദ്ദസമ്പർക്കങ്ങളിൽ നിന്നാണ് ചാവറയച്ചന് കുരിശിന്റെ വഴിയെക്കുറിച്ച് അറിവുണ്ടായത്. കേരളകത്തോലിക്കാ സഭയിൽ ഒരു നവോത്ഥാനത്തിന് നേതൃത്വം നൽകിയ ചാവറയച്ചൻ, വിശ്വാസ ദൃഢതയ്ക്കും ആത്മീയ പുരോഗതിക്കും ഉതകുന്ന എല്ലാ ഭക്തകൃത്യങ്ങളേയും പരിപോഷിപ്പിക്കുവാൻ വളരെ ശ്രദ്ധാലുവായിരുന്നു. ലത്തീൻ റീത്തിൽപ്പെട്ട പാശ്ചാത്യസഭയിലെ കത്തോലിക്കാചാരങ്ങൾ കേരളീയ പശ്ചാത്തലത്തിൽ ഉൾപ്പെടുത്തി, സുറിയാനി സഭയെ സുദൃഢമാക്കുവാൻ ചാവറയച്ചൻ ആതീവ താൽപരനായിരുന്നു. സ്ലീവാപാത ഇന്നുള്ള വിധത്തിൽ പ്രചരിപ്പിക്കപ്പെടുമെന്നും, അത് കേരളകത്തോലിക്കാ മക്കൾക്ക് ആത്മീയ വളർച്ചയ്ക്ക് വലിയ സഹായകമാകുമെന്നും 'നല്ല അപ്പൻ' എന്നറിയപ്പെട്ടിരുന്ന 'വലിയ പ്രിയോരച്ച' നായിരുന്ന ചാവറയച്ചൻ മുൻകൂട്ടി കണ്ടിരുന്നു.

പാശ്ചാത്യ സഭകളിൽ കുരിശിന്റെ വഴിയുടെ ആരംഭം, വികാസം, പ്രചാരം എന്നിവയെകുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. എന്നിരുന്നാലും, പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നത് ഏറ്റവും ആദ്യമായി കുരിശിന്റെ വഴി നടത്തിയത് പരിശുദ്ധകന്യകാമറിയം ആയിരുന്നു എന്നാണ്. ചില സഭാപാരമ്പര്യങ്ങൾ പ്രകാരം, പരിശുദ്ധ അമ്മയോടൊപ്പം, ആരംഭത്തിൽ മഗ്ദലന മറിയവും, തുടർന്ന് ബൈബിളിൽ യേശുവിനെ

അനുഗമിച്ചിരുന്നവരായി പരാമർശിക്കപ്പെടുന്ന ഭക്തസ്ത്രികളും ഉൾപ്പെട്ടിരുന്നു എന്നാണ്.

മരണമടഞ്ഞ പുത്രനെ പറ്റി ഒരു അമ്മ ഓർമ്മകൾ സൂക്ഷിക്കുക സ്വാഭാവികമാണ്. പുത്രന്റെ ജീവിതവും മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളും, സ്ഥലങ്ങളും അമ്മ സന്ദർശിക്കുക എന്നുള്ളതും വളരെ സ്വാഭാവികം. യേശുവിന്റെ ഉത്ഥാനത്തിനുശേഷം, കന്യകാമാതാവ് ശിഷ്യന്മാരോടൊപ്പം, മറ്റു ഭക്തസ്ത്രികളുമായി പ്രാർത്ഥനയിൽ മുഴുകിയിരുന്നതായി അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു (അപ്പ. പ്ര. 1:14). പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുശേഷം, ശിഷ്യന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സുവിശേഷ വേലക്കായി പുറപ്പെട്ടു. ഇക്കാലത്ത്, പരിശുദ്ധ അമ്മ പരിചയക്കാരുമൊത്ത് തിരുസുതന്റെ പീഡാസഹനവഴികൾ സന്ദർശിക്കുക ഒരു പതിവാക്കിയത്രെ. യേശുവിന്റെ കുരിശുയാത്രയിലെ മർമ്മഭേദകമായ രംഗങ്ങൾ നടന്ന സ്ഥലങ്ങളിൽ പരിശുദ്ധമാതാവ് തങ്ങുകയും, നെടുവീർപ്പോടുകൂടെ സംഭവങ്ങൾ അനുസ്മരിക്കുകയും, ദൈവേഷ്ടത്തിന്റെ മുമ്പിൽ തന്റെ കണ്ണുനീർ കാഴ്ച വെക്കുകയും ചെയ്തു പോന്നു. ഇങ്ങനെയാണ് കുരിശിന്റെ വഴി ആരംഭിച്ചത് എന്നാണ് ഐതീഹ്യം.

ഈ ഐതീഹ്യപശ്ചാത്തലത്തെ ഇതിവൃത്തമാക്കികൊണ്ട് 'ആത്മാനുതാപ'ത്തിലെ പതിനൊന്നാം അദ്ധ്യായത്തിൽ ചാവറയച്ചൻ വിവരിക്കുന്നു: "മംഗലപ്രഭ" മാതാവിന്

"മംഗലസുതൻ രക്തം ചിന്തിയ തിരുസ്ഥലം
ചെന്നു വന്ദനം ചെയ്‌വാൻ ദാഹമായ്

.................................................................

.................................................................

ഭക്തിയാൽ ഗെദസേമ്മാൻ വനിയിൽ സ്വപുത്രന്റെ
രക്തത്താൽ പവിത്രമാം ഭൂമിയിൽ പദം വെച്ചു

.................................................................

അപ്പോഴുതാകാശത്തിൽ വാണിടും സ്നേഹപുത്രൻ
സ്വല്പമാം പ്രകാശത്താൽ കന്നിയമ്മയെ കണ്ടു."

അമ്മയെ കാൽവരിയാത്രയുടെ ആരംഭസ്ഥലത്ത് കണ്ടപ്പോൾ പുത്രൻ അരുൾചെയ്തു :

"നിന്റെ മഹാവണക്കം മഹത്തരം
കോട്ടമെന്നിയെ ജനകൂട്ടം മാതൃകയാക്കും."

തുടർന്നുള്ള വരികളിൽ ചാവറയച്ചൻ പറയുന്നത്, ആദിമ ക്രൈസ്തവസഭയ്ക്ക് ദൈവപരിപാലന പകർന്നു നൽകുവാൻ

കുരിശിൻവഴിസന്ദർശനം മാതാവ് ഒരു പ്രാർത്ഥനോപാധിയാക്കി എന്നാണ്. ചാവറയച്ചൻ എഴുതിയിരിക്കുന്നു :

"ശിഷ്യജനം പിരിഞ്ഞോരോദിക്കിൽ
ചേർത്തവർ ജനങ്ങളെ വിശ്വാസം തന്നിൽ
അമ്മയുമവർക്കായ് ശ്രദ്ധയും വിസീത്തയും
നടത്താൻ ശ്രമിക്കയായ്."

'വിസീത്ത' എന്ന പദത്തിന് 'സന്ദർശനം' എന്നാണർത്ഥം. പുത്രന്റെ കാൽവരിയാത്രയിലെ പവിത്ര പ്രദേശങ്ങളെ സന്ദർശിച്ച് ശിഷ്യന്മാർക്കു വേണ്ടിയും, ആദിമ സഭയ്ക്കുവേണ്ടിയും മാതാവ് പ്രാർത്ഥിച്ചിരുന്നു എന്ന് ചാവറയച്ചൻ പറയുന്നു.

മനുഷ്യന്റെ സ്വാർത്ഥതയുടേയും, അപരനോടു കാണിക്കുന്ന മനുഷ്യത്വഹീനമായ പ്രവർത്തനങ്ങളുടേയും ഓർമ്മപ്പെടുത്തലുകൾ സ്ലീവാപാതയിൽ ഉണ്ട്. ദൈവീക മാനദണ്ഡങ്ങൾക്കപ്പുറത്ത് അധികാരങ്ങൾ കൈക്കാര്യം ചെയ്തവരാണ് കുരിശിന്റെവഴി ഒരുക്കിയത്. അന്യായമായ വിധിപ്രഖ്യാപനങ്ങൾ, ദു:ഖിക്കുന്നവരോടുള്ള സഹാനുഭൂതി ഇല്ലായ്മ, കരയുന്നവരെ കണ്ടില്ലെന്നു നടിച്ചുകൊണ്ടുള്ള ജീവിതം, ആരോരുമില്ലാത്തവരെ കൂടുതൽ ചൂഷണം ചെയ്ത് മുതലെടുക്കുവാനുള്ള പ്രവണത - ഇതൊക്കെ കുരിശിന്റെ വഴിയിൽ നമ്മുടെ ചിന്തകളിലേക്ക് നടുക്കങ്ങളായി കടന്നുവരുന്നു. ഒപ്പം, ഇനിയും മനുഷ്യത്വം മരിച്ചിട്ടില്ലാത്ത മനസ്സുകളുമായി ജീവിക്കുന്ന ശിമയോന്മാരുടേയും, വേറോനിക്കാമാരുടേയും, ജറുസലേം സ്ത്രികളുടേയുമൊക്കെ മാതൃകകൾ നമ്മുടെ മനസ്സുകളിലേക്ക് ആത്മീയവെളിച്ചം വീശുന്നു.

അനുകമ്പയും, ആർദ്രതയും പിടിച്ചുപറ്റുക എന്നതിനേക്കാളുപരി അലിവും ആശ്വാസവും നല്കുക എന്നതിലാണ് ദൈവേഷ്ടമെന്ന്, കുരിശു ചുമന്ന് നീങ്ങുന്ന യേശു നമ്മെ പഠിപ്പിക്കുന്നു. വേറോനിക്കായുടെ പട്ടുതുവാലയിൽ തിരുമുഖഛായ പകർത്തിയും, ജറുസലേം സ്ത്രീകളെ സാന്ത്വനപ്പെടുത്തിയും, ഒരു പുതിയ ജനതയ്ക്കുള്ള ജീവിതസിദ്ധാന്തങ്ങൾക്ക് ജന്മം കൊടുക്കുവാനായി സ്വയം സമർപ്പിച്ചും, കുരിശേന്തിയ യേശു കുരിശിന്റെ വഴിയിൽ നമുക്ക് മാതൃകയാകുന്നു.

ചാവറയച്ചൻ എഴുതിയിരിക്കുന്നു :

"കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം".

ചുവപ്പുനിറത്തിന് ഉപയോഗിക്കുന്ന പദമാണ് 'ആരുണ്യം'. തിരുരക്തത്തിന്റെ ശോണിമയാൽ നിറയപ്പെട്ട യേശുവിന്റെ പീഢിത ശരീരം, ഈലോകത്തെ മുഴുവൻ ദയയിലേക്കും, പരസ്നേഹത്തിലേക്കും,

സർവ്വോപരി ദൈവേഷ്ടനിർവ്വഹണ ജീവിതത്തിലേക്കും ക്ഷണിക്കുന്നു.

'സ്ലീവാപാത' ഒരു അനുഷ്ഠാനം മാത്രമാകരുത്. അനുദിന ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ദൈവേഷ്ടനിർവ്വഹണത്തിലൂടെ നമ്മെതന്നെ അനുരൂപപ്പെടുത്തിയെടുക്കുവാനുള്ള ശക്തിസ്രോതസ്സായി കുരിശിന്റെ വഴിയെ നാം മാറ്റിയെടുക്കണം.

"സ്വന്തം കുരിശുവഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല"( ലൂക്കാ. 14:27).

Chapter
7

# ചാവറയച്ചനും മാർതോമ്മാഭക്തിയും

ഭാരത അപ്പസ്തോലനായ തോമാശ്ലീഹയെക്കുറിച്ചുള്ള അധികം പരാമർശങ്ങൾ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കൃതികളിൽ ഇല്ലെങ്കിലും, ഊടും പാവും പോലെ, ചാവറ കൃതികളിൽ തോമാശ്ലീഹയുടെ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ സ്വാധീനം നിതാന്തമായിട്ടുണ്ടെന്നുള്ളത് നിസ്തർക്കമായ ഒരു വസ്തുതയാണ്. ദൈവപുത്രനായ യേശുക്രിസ്തുവിനെ "കേട്ടതും, സ്വന്തം കണ്ണുകൾകൊണ്ട് കണ്ടതും, സൂക്ഷിച്ചു വീക്ഷിച്ചതും, കൈകൾകൊണ്ട് സ്പർശിച്ചതുമായ"(1 യോഹ.1:1) അനുഭവസമ്പത്തായിരുന്നു തോമാശ്ലീഹയിൽ ഉണ്ടായിരുന്ന ആത്മീയ ചൈതന്യത്തിന്റെ അടിസ്ഥാനം.

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ "കൈകളിലെ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും, അവയിൽ എന്റെ വിരൽ ഇടുകയും, അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" എന്ന് ശാഠ്യം പിടിക്കുന്ന ദിദിമോസ് എന്നുകൂടി വിളിക്കപ്പെടുന്നവനായ തോമസ് - ആ തോമസിന്റെ മുന്നിൽ വന്ന് നിന്നുകൊണ്ട് "എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വക്കുക, അവിശ്വാസിയാകാതെ വിശ്വാസികയായിരിക്കുക" എന്ന് അരുളിചെയ്ത തിരുനാഥൻ - ആ പുത്രൻ തമ്പുരാന്റെ മുന്നിൽ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് പറഞ്ഞ്, "നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്നുപറഞ്ഞിട്ടുള്ളതിനെ ഒന്നുകൂടി ആക്കപ്പെടുത്തികൊണ്ട് തോമാശ്ലീഹ സർവ്വസമർപ്പണം നടത്തുന്ന ധന്യമുഹൂർത്തം - തുടങ്ങിയവ ഉൾപ്പെടുന്നവയാണ് മാർതോമ്മായുടെ ആത്മീയ ചൈതന്യത്തിന്റെ അന്തസത്ത.

തോമാശ്ലീഹയുടെ അപരനാമം 'ദിദിമോസ്' എന്നായിരുന്നു. 'ദിദിമോസ്' എന്ന പദത്തിന് 'ഇരട്ട' എന്നാണ് അർത്ഥം. യേശുവിനോട് ഇരട്ട സഹോദരങ്ങൾ തമ്മിലുള്ളതുപോലെയുള്ള ഒട്ടിപിടിച്ച ഒരു ബന്ധം തോമാശ്ലീഹയ്ക്കുണ്ടായിരുന്നു. യേശുവിനോട് അത്രമാത്രം താദാത്മ്യപ്പെട്ട് ജീവിച്ചിരുന്നതുകൊണ്ട്, യേശുവിനെ കാണുവാൻ സാധിക്കാതെ വന്നപ്പോൾ, തോമസ് തകർന്നു. തകർച്ചയിൽ അകപ്പെട്ട തന്റെ ജീവിതവും, തളർന്നു നുറുങ്ങിയ തന്റെ ആത്മാവും അഭയം കണ്ടെത്തുക യേശുവിന്റെ

തിരുമുറിവുകളിൽ മാത്രമാണെന്ന് തോമാശ്ലീഹയ്ക്ക് ബോദ്ധ്യമുണ്ടായിരുന്നു. മുറിവേറ്റ മർത്ത്യപുത്രന്റെ തിരുമുറിവുകളിലേയ്ക്ക് ആത്മാർപ്പണം നടത്തി, തോമസ് ഒരു പുതിയ സൃഷ്ടിയായി; യേശുവിന്റെ ശ്ലീഹയായി. "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്" (2 കൊറി. 5:17). ക്രിസ്തുവിനോടുകൂടെ എപ്പോഴും ആയിരിക്കണമെന്നുള്ള ഉത്ക്കടമായ ആഗ്രഹം തന്നെയാണ്, "നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്നുള്ള അഭിപ്രായപ്രകടനത്തിലൂടെ തോമാശ്ലീഹ സ്പഷ്ടമാക്കുന്നത്.

ഐതീഹ്യപ്രകാരം തോമാശ്ലീഹ ആർഷഭാരതത്തിലേയ്ക്ക് ആഗതനായത് അറേബ്യൻ വ്യപാരിയായിരുന്ന ആബാന്റെ സഹായത്താലായിരുന്നു. കേരളക്കരയുമായി കച്ചവടബന്ധമുണ്ടായിരുന്ന ആബാനിലൂടെ മലനാട്ടിലെ ഒരു ഗുണ്ടഫോറസ് രാജാവുമായി അപ്പസ്തോലന് അടുപ്പമുണ്ടായി. ഒരു സ്വപ്നകൊട്ടാരം നിർമ്മിക്കുവാൻ ഗുണ്ടഫോറസ് തീവ്രമായി താൽപര്യപ്പെട്ടിരുന്നു. തച്ചുശാസ്ത്ര വിദഗ്ദനായിരുന്ന തോമസ്അപ്പസ്തോലൻ, കൊട്ടാരനിർമ്മാണവുമായി ബന്ധപ്പെട്ടകാര്യങ്ങളിലൂടെ രാജാവിന്റെ ഇഷ്ടഭാജനമായി മാറി.

തോമാശ്ലീഹയുമായുള്ള രാജാവിന്റെ സംസർഗ്ഗം കൊട്ടാര നിർമ്മാണ പദ്ധതികൾക്ക് ഒരു പുതിയ ദിശ നൽകി. കൊട്ടാരം കെട്ടിപടുക്കേണ്ടത് മണ്ണിലല്ല; വിണ്ണിലാണ് എന്നുള്ള ഉൾക്കാഴ്ച്ച, അരചന് അപ്പസ്തോലൻ നൽകി. നശ്വരമായ ആശാഭിലാക്ഷങ്ങൾക്കായി ആളും അർത്ഥവും കളയേണ്ടതില്ലെന്നും, അനശ്വരതയുടെ സുകൃതകവാടമുള്ള ആത്മീയ കൊട്ടാരം മെനഞ്ഞെടുക്കുവാൻ യത്നിക്കുകയാണ് വേണ്ടതെന്നും, രാജാവ് മനസ്സിലാക്കുകയും, അതിനായുള്ള സംരംഭങ്ങൾ അദ്ദേഹം ആരംഭിക്കുകയും ചെയ്തു. ഈ സംരംഭം രാജാവിനേയും അനുചരൻമാരേയും ക്രിസ്തുവിശ്വാസികളാക്കി. തോമാശ്ലീഹയിൽ നിന്ന് അവർ മമ്മോദീസ സ്വീകരിച്ച് കേരളത്തിൽ ക്രിസ്തുവിശ്വാസത്തിന് പ്രചാരം വർദ്ധിപ്പിക്കുകയും ചെയ്തു.

വംശാവലി ചരിത്രപ്രകാരം തോമാശ്ലീഹയിൽ നിന്ന് മമ്മോദീസ സ്വീകരിച്ചിട്ടുള്ള കേരളത്തിലെ നാലു പുരാതന കുടുംബങ്ങളിൽ ഒന്നായ പകലോമറ്റം ശാഖയിൽ ഉൾപ്പെടുന്നതാണ് ചാവറ കുടുംബം. വാഴ്ത്തപ്പെട്ട ചാവറയച്ചന് തോമാശ്ലീഹയുടെ ആദ്ധ്യാത്മിക ചൈതന്യം ഉണ്ടാകുകയെന്നുള്ളത് വിശുദ്ധമായ വംശപാരമ്പര്യത്തിന്റെ പിൻതുടർച്ചകൂടിയാണ്. പരിശുദ്ധാത്മാവിനാൽ പുനർജ്ജീവിക്കപ്പെട്ടതും നയിക്കപ്പെട്ടതുമായ ഒരു വംശാവലിയുടെ സവിശേഷതകളൊക്കെ ചാവറയച്ചനിൽ ദർശനീയമായിരുന്നു.

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ തിരുമുഖത്തേയ്ക്ക് നോക്കി "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് സ്തുതിച്ചുകൊണ്ട് ജന്മസാഫല്യം നേടിയ തോമാശ്ലീഹയുടെ ആത്മീയ ചൈതന്യത്തെ തന്നിലേയ്ക്ക് ആവഹിപ്പിച്ചുകൊണ്ട് ചാവറയച്ചൻ പറയുന്നു:

"എത്രയും ചിത്രമാം
നിൻ മുഖത്തെ
ഏകാന്തപ്രേമത്തിൽ
പാർക്കുന്നഹം".

(*ആത്മാനുതാപം*)

ചാവറയച്ചനാൽ വിരചിതമായ 'ധ്യാനസല്ലാപങ്ങൾ' എന്ന ലഘുഗ്രന്ഥത്തിൽ ഒത്തിരിയേറെ പ്രാവശ്യം സർവ്വേശ്വരൻ കർത്താവിനെ 'അപ്പാ' എന്ന് തീവ്രമായ സ്നേഹപാരമ്യത്താൽ ചാവറയച്ചൻ വിളിച്ചിട്ടുണ്ട്. തോമാശ്ലീഹയെപ്പോലെ ദൈവത്തിന് സർവ്വസ്വവും സമർപ്പണം ചെയ്ത്, ആ വാത്സല്യനിധിയുടെ കൃപാകടാക്ഷത്തിൽ മാത്രം, ജീവിതയാത്രയെ മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ബഹിർസ്ഫുരണ മാണ് ഈ അഭിസംബോധനയിൽ നാം കാണുന്നത്.

കർമ്മലീത്ത ആദ്ധ്യാത്മികതയുടെ ആചാര്യയും വേദപാരംഗത യുമായ അമ്മത്രേസ്യ പുണ്യവതി പറയുന്നു: "മനുഷ്യന്റെ ആത്മാവ് ഒറ്റ സ്ഫടികകല്ലിൽ പണിതുയർത്തിയിട്ടുള്ള മനോഹരമായ ഒരു മണിമാളിക യാണ്. അതിൽ രാജാധിരാജനായി വാഴുവാൻ യേശു ആഗ്രഹിക്കുന്നു." ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലനായ വി. ഫ്രാൻസിസ് സേവ്യർ 1552ൽ പൂനായിലെ സെന്റ്. പോൾസ് കോളേജിലെ അധികാരികൾക്ക് എഴുതി: "ഇനിയും പുതിയ കെട്ടിടങ്ങൾ പണിയുവാൻ ഒരുമ്പെടരുത്. കല്ലും കുമ്മായവും കൊണ്ടുള്ള കെട്ടിടം പടുത്തു യർത്തുവാൻ നാം ദൈവത്തോട് കടപ്പെട്ടിട്ടില്ല; മറിച്ച് ആദ്ധ്യാത്മിക സദനം പണിതുയർത്തുവാനാണ് നാം കിണഞ്ഞു പരിശ്രമിക്കേണ്ടത്." മനുഷ്യമനസ്സുകൾ യേശുവിന്റെ ആവാസ വസതികളാകുമ്പോൾ, അവ ആത്മീയസദനങ്ങളായി മാറുന്നു. ആത്മീയ സദനങ്ങളിൽ, സർവ്വാധികാര ങ്ങളോടെ, രാജാധിരാജനായി യേശു വാണരുളു ന്നുണ്ടെങ്കിൽ "വിളിക്കും മുമ്പേ അവിടുന്ന് നമുക്ക് ഉത്തരമരുളും. പ്രാർത്ഥിച്ചു തീരും മുമ്പേ അവിടുന്ന് നമ്മെ കേൾക്കും" (ഏശയ്യ. 65:24).

ഗുണ്ടഫോറസ് രാജാവിന്റെ കൊട്ടാരനിർമ്മാണ സംരംഭത്തിൽ ആത്മീയ സദനത്തിന്റെ സൗന്ദര്യത്തിനാണ് ഊന്നൽ നൽകേണ്ടതെന്ന് രാജാവിനെ ശ്ലീഹ ധരിപ്പിച്ചു. ചാവറയച്ചന്റെ ഭാഷയിൽ "പിഴച്ചതും, പിഴപ്പിക്കുന്നതുമായ ഈ ലോകത്തിൽ" കർത്താവിൽ പരിശുദ്ധമായ

ആലയമായി പരിശുദ്ധാത്മാവിന്റെ വാസസ്ഥലമായി, "മൂലക്കല്ലായ ക്രിസ്തുവിൽ അപ്പസ്തോലൻമാരുടെയും, പ്രവാചകൻമാരുടെയും വിശുദ്ധമായ ജീവിതമാകുന്ന അടിത്തറമേൽ, നമ്മൾ, നമ്മെതന്നെ പണിതുയർത്തുകയെന്നുള്ളതാണ് പരമപ്രധാനമായിട്ടുള്ളത്" (എഫേ. 2:20-22). കാരണം, നമ്മുടെ ശരീരങ്ങൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി തീരേണ്ടതാണ്(1 കൊറി. 6:19).

'അനസ്താസ്യയുടെ രക്തസാക്ഷിത്വം' എന്ന പേരിൽ മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യം രചിച്ച ചാവറയച്ചൻ,

"ലോക ഭാഗ്യം സമർപ്പിക്കാൻ
ദാഹമില്ല മമ ചിത്തേ
..................................
..................................
സ്നേഹമേറും മണവാളൻ
യേശു തന്റെ മന്ദിരത്തിൽ
ദാഹമോടെ കുടിവെച്ചു."

എന്ന് അതിൽ എഴുതിയിരിക്കുന്നു. തോമാശ്ലീഹയിൽ നിന്ന് ഏറ്റുവാങ്ങിയിട്ടുള്ള വിശ്വാസതീക്ഷ്ണതയിൽ എന്നും ജീവിക്കണമെന്നുള്ള ചാവറയച്ചന്റെ നിശ്ചയദാർഢ്യവും, മറ്റുള്ളവരിൽ അത് വളർത്തിയെടുക്കാനുള്ള പരസ്നേഹതീക്ഷ്ണതയുമാണ് ഇവിടെ സ്ഫുരിക്കുന്നത്.

സത്യദൈവമായ യേശുക്രിസ്തുവിനെ പൂജിക്കുന്നു എന്നുള്ള കാരണത്താൽ മൈലാപൂരിൽ വെച്ച് തോമാശ്ലീഹ വധിക്കപ്പെട്ടു. തോമാശ്ലീഹയെ കുന്തം കൊണ്ട് കുത്തിയാണ് ശത്രുക്കൾ കൊലചെയ്തത്. യേശുക്രിസ്തു വാഴുന്ന തന്നിലുള്ള ആത്മീയസദനം ഒരിക്കലും തകർക്കപ്പെടാതെ സൂക്ഷിക്കുവാനുള്ള വിശ്വാസതീക്ഷ്ണത തോമാശ്ലീഹയിൽ ഉണ്ടായിരുന്നുവെന്നുള്ളത് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിൽ സ്പഷ്ടമാകുന്നു.

Chapter

8

# ചാവറയച്ചനും കാവൽമാലാഖഭക്തിയും

ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അപ്പസ്തോലിക അനുശാസനത്തോടുകൂടി 1992-ൽ പ്രസിദ്ധീകരിച്ച 'കത്തോലിക സഭയുടെ മതബോധനഗ്രന്ഥം', മാലാഖമാരെക്കുറിച്ചുള്ള തിരുസ്സഭയുടെ ഔദ്യോഗിക നിലപാട് വ്യക്തമാക്കികൊണ്ട് പഠിപ്പിക്കുന്നു: "മാലാഖമാർ അരൂപികളും അശരീരികളുമായ ദൈവസൃഷ്ടികളാണ്.. എന്നാൽ, അവർ അമർത്യരാണ്. ദൈവത്തിന്റെ സേവകരും സന്ദേശ വാഹകരുമാണവർ... ശൈശവം മുതൽ മരണം വരെ മനുഷ്യർക്ക് മാലാഖമാരുടെ ജാഗ്രതാപൂർവ്വമായ പരിരക്ഷണവും മാദ്ധ്യസ്ഥവും ലഭിക്കുന്നു." മാലാഖമാരുടെ അസ്ഥിത്വത്തെക്കുറിച്ചുള്ള തിരുസ്സഭയുടെ ഉദ്ബോധനങ്ങൾക്ക് ബൈബിളിലെ പരാമർശങ്ങൾ തന്നെയാണ് അടിസ്ഥാനം. തോബിത്തിന്റെ പുസ്തകത്തിൽ നിന്ന്, മാലാഖമാർക്ക് പേരുകൾ ഉണ്ടെന്ന് നാം മനസ്സിലാക്കുന്നു. സ്വയം വെളിപ്പെടുത്തികൊണ്ട് റഫായേൽ മാലാഖ തോബിതിനോട് പറയുന്നു: "ഞാൻ റഫായേലാണ്; വിശുദ്ധരുടെ പ്രാർത്ഥനകൾ സമർപ്പിക്കുകയും പരിശുദ്ധനായവന്റെ മഹത്ത്വത്തിന്റെ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്യുന്ന ഏഴ് വിശുദ്ധ ദൂതന്മാരിൽ ഒരുവൻ" (തോബിത് 12:15). ഗബ്രിയേൽ, മിഖായേൽ മാലാഖമാരെക്കുറിച്ച് ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ പ്രസ്താവനകളുണ്ട് (ദാനി. 9:21-22, ദാനി.10:13-14).

മാലാഖമാരുടെ അസ്ഥിത്വം യാഥാർത്ഥ്യമാണെന്ന് യേശുവിന്റെ തിരുവചനങ്ങൾ സ്ഥിരീകരിക്കുന്നു. ''ലാസറിനെ മാലാഖമാർ അബ്രാഹത്തിന്റെ മടിയിലേയ്ക്ക് സംവഹിച്ചു"(ലൂക്കാ.16:22). "എന്നാൽ, ആ ദിവസത്തെക്കുറിച്ചോ, ആ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലുള്ള മാലാഖമാർക്കോ, പുത്രനുപോലുമോ അറിഞ്ഞുകൂടാ" (മാർക്കോ. 13:22). അന്ത്യദിനത്തിൽ മനുഷ്യപുത്രനായ ക്രിസ്തു തന്റെ സർവ്വമാലാഖമാരുടേയും അകമ്പടിയോടുകൂടെ മഹത്ത്വത്തിൽ എഴുന്നള്ളുമെന്നും വിശുദ്ധഗ്രന്ഥത്തിൽ നാം വായിക്കുന്നു (മത്താ. 25:31).

''ദൈവത്തിന്റെ സേവകാത്മകളായ'' (ഹെബ്ര.1:14) എല്ലാ മാലാഖമാരും കൂടിച്ചേരുമ്പോൾ ഒമ്പത്ഗണം മാലാഖമാരാണ് ഉള്ളതെന്ന്

തിരുസ്സഭ പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നു. മാലാഖമാരുടെ ഈ ഗണങ്ങൾ 'നവവൃന്ദം' എന്ന സമൂഹനാമത്താൽ അറിയപ്പെടുന്നു. സ്രാപ്പേൻമാർ, ക്രോവേൻമാർ, ഭദ്രാസനൻമാർ, അധികാരികൾ, തത്വകൻമാർ, ബലവാൻമാർ, പ്രാഥമികൻമാർ, മുഖ്യദൂതൻമാർ, ദൈവദൂതൻമാർ എന്നിങ്ങനെ വ്യത്യസ്ത പേരുകളുള്ള മാലാഖമാരുടെ ഒമ്പതു സമൂഹങ്ങളാണ് നവവൃന്ദം മാലാഖമാരിൽ ഉൾപ്പെടുന്നത്.

നവവൃന്ദം മാലാഖമാരിൽ വിഭിന്ന ഉപവ്യൂഹങ്ങളുണ്ടെന്ന് ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട്. "സ്വർഗ്ഗീയസൈന്യത്തിന്റെ ഒരു വ്യൂഹം ആ ദൂതൻമാരോടുകൂടെ പ്രത്യക്ഷപ്പെട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം!" (ലൂക്കാ. 1:14).

"എനിയ്ക്ക് എന്റെ പിതാവിനോട് അപേക്ഷിക്കുവാൻ കഴിയില്ലെന്നും ഉടൻ തന്നെ അവിടുന്ന് എനിക്ക് തന്റെ ദൂതൻമാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചുതരുകയില്ലെന്നും നീ വിചാരിക്കുന്നുവോ?" (മത്താ. 26:53). നവവൃന്ദം മാലാഖമാരിലെ ഒമ്പതാമത്തെ വൃന്ദമായ ദൈവദൂതൻമാരിലെ ഒരു ഉപവ്യൂഹം കാവൽമാലാഖമാർ എന്ന പേരിൽ അറിയപ്പെടുന്നു. "രക്ഷയുടെ അവകാശിയാകുവാൻ" (ഹെബ്രാ.1:14) മനുഷ്യന് കാവലും കരുത്തും നൽകുവാനായി ദൈവത്താൽ അയയ്ക്കപ്പെടുന്നവരാണ് കാവൽമാലാഖമാരെന്നും, ഓരോ മനുഷ്യനും ഓരോ കാവൽമാലാഖയുണ്ടെന്നും തിരുസ്സഭ പഠിപ്പിക്കുന്നു. "ഈ ചെറിയവരിൽ ആരേയും നിന്ദിയ്ക്കാതിരിക്കുവാൻ ശ്രദ്ധിച്ചുകൊള്ളുവിൻ. സ്വർഗ്ഗത്തിൽ അവരുടെ മാലാഖമാർ എന്റെ പിതാവിന്റെ മുഖം ദർശിച്ചുകൊണ്ടാണിരിക്കുന്നതെന്ന് ഞാൻ നിങ്ങളോട് പറയുന്നു" (മത്താ. 18:10). നമ്മുടെ കർത്താവിന്റെ ഈ തിരുമൊഴിയാണ് കാവൽ മാലാഖമാരുണ്ടെന്നുള്ള വിശ്വാസത്തിനും, കാവൽമാലാഖമാരോടുള്ള ഭക്തിക്കും ഏറ്റവും ശക്തമായ അടിസ്ഥാനം. ഓരോ വിശ്വാസിയുടേയും സമീപത്ത്, അവന്റെ ജീവിതത്തിന് വഴികാട്ടിയും ഇടയനുമെന്നപോലെ, സംരക്ഷകനായി, ഒരു കാവൽ മാലാഖയുണ്ടെന്നുള്ളത് ആരും നിഷേധിക്കാതിരിക്കട്ടെ എന്ന് സഭപിതാവായ വി. ബേസിൽ ഉപദേശിച്ചിട്ടുണ്ട്.

കാവൽമാലാഖയോടുള്ള ഭക്തി തിരുസ്സഭയിലെ വിശ്വാസ ജീവിതത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. കാവൽ മാലാഖയോടുള്ള ഭക്തിയിലൂടെ ശ്രദ്ധേയരും മാതൃകകളുമായി തീർന്ന അനേകം വിശുദ്ധരുണ്ട്. സീയന്നയിലെ വി. കത്രീനയ്ക്ക് ചില പ്രത്യേക സന്ദർഭങ്ങളിൽ കാവൽമാലാഖ പ്രത്യക്ഷപ്പെട്ട് ദിവ്യകാരുണ്യം

നൽകിയിരുന്നുവെന്ന് പറയപ്പെടുന്നു. വി. ജെമ്മ ഗൽഗാനിയുടെ കാവൽ മാലാഖ ഭക്തി വളരെ സുപ്രസിദ്ധമാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചനും കാവൽമാലാഖയുടെ വലിയ ഭക്തനായിരുന്നു.

ഭാരതത്തിലെ ആദ്യത്തെ സന്യാസ ആശ്രമത്തിന്റെ നിർമ്മാണം മാന്നാനത്ത് പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ കൂലികൊടുക്കുവാൻ പണം ഇല്ലാതെ വലിയ ബുദ്ധിമുട്ട് ഉണ്ടായി. ആശ്രമകെട്ടിടപണി പുരോഗമിച്ചുകൊണ്ടിരുന്നത് ചാവറയച്ചന്റെ മേൽനോട്ടത്തിലായിരുന്നു. കാവൽമാലാഖയുടെ വലിയ ഭക്തനായിരുന്ന ചാവറയച്ചൻ തന്റെ കാവൽമാലാഖയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചപ്പോൾ, അതിശയകരമായി പണസഹായം വന്നെത്തിയതായ ഒരു അത്ഭുത സംഭവം ഉണ്ടായിട്ടുണ്ട്.

ഓരോ ശിശുവും ഈ ഭൂമിയിൽ വന്നുപിറക്കുന്നത് ദൈവത്തിന്റെ ഓരോ പുതിയ സന്ദേശവുമായിട്ടാണെന്ന് മദർ തെരേസ പറഞ്ഞീട്ടുണ്ട്. ദൈവഹിതത്തെയാണ് ദൈവത്തിന്റെ സന്ദേശം എന്നുള്ളതുകൊണ്ട് മനസ്സിലാക്കേണ്ടത്. ഓരോ മനുഷ്യനും ജനനം മുതൽ മരണം വരെ ദൈവഹിതത്തിൽ ജീവിച്ച് നിത്യരക്ഷ നേടിയെടുക്കേണ്ടതുണ്ട്. ഇതിനായിട്ടുള്ള സൽപ്രേരണ നൽകി സംരക്ഷണം നൽക്കുന്നത്, ഓരോ വ്യക്തിയുടെയും കാവൽമാലാഖയാണ്. കാവൽമാലാഖയുടെ സൽപ്രേരണയുടെ സ്വരമാണ് മനസാക്ഷിയുടെ മന്ത്രണമായി നമുക്ക് അനുഭവപ്പെടുന്നത്. കാവൽമാലാഖയുടെ സൽപ്രേരണയ്ക്കനുസരിച്ച് ജീവിക്കുകയെന്നുള്ളതാണ് കാവൽമാലാഖയോടുള്ള ഭക്തിയിൽ കാതലായിട്ടുള്ളത്.

'ആത്മാനുതാപ'ത്തിൽ ചാവറയച്ചൻ എഴുതിയിരിക്കുന്നു:

"എന്നുടെ ജനനത്തിന്റെ നാൾ മുതൽ
എന്നെ കാത്തുഭരിച്ചു സൂക്ഷിപ്പാനും
എന്നേരമെത്തുമെൻ ചാരത്തു നിന്നീയാൾ
എന്നതിനാലെയന്നു ഞാൻ ജീവിച്ചു."

ജീവിതകാലം മുഴുവൻ കാവൽമാലാഖയ്ക്ക് ഭരിക്കുവാനും സൂക്ഷിക്കുവാനും തന്റെ ജീവിതത്തെ വിട്ടുകൊടുത്ത പുണ്യാത്മാവായിരുന്നു ചാവറയച്ചൻ. തന്റെ കാവൽമാലാഖയുടെ സൽപ്രേരണയോട് എന്നും സഹകരിച്ചുകൊണ്ട് ദൈവഹിതത്തിൽ മാത്രം ജീവിക്കുവാൻ ചാവറയച്ചൻ സദാ ശ്രദ്ധാലുവായിരുന്നു.

ഉണ്ണികൾക്ക് ഉറക്കത്തിൽ പുഞ്ചിരിക്കുന്ന സ്വഭാവം ഉണ്ടല്ലോ. അവരുടെ കാവൽമാലാഖമാർ അവരെ സ്വർഗ്ഗീയ സന്തോഷങ്ങൾ പരിചയപ്പെടുത്തി കൊടുക്കുമ്പോഴാണ് അവർ പുഞ്ചിരിക്കുന്നതെന്ന ഒരു

ആത്മീയ സങ്കല്പമുണ്ട്.

ചാവറയച്ചൻ 'ആത്മാനുതാപ'ത്തിൽ എഴുതിയിരിക്കുന്നു:

"ഉറക്കം കണ്ടുകൊണ്ടമ്മ പോകുമ്പോൾ
ഉറക്കമേതുമില്ലാതീയാൾ കാക്കും."

ചാവറയച്ചൻ കുഞ്ഞായിരിക്കുമ്പോൾ ഉറങ്ങുന്ന നേരത്ത് ആരും അരികത്തുണ്ടായിരുന്നില്ലെങ്കിലും, കാവൽ മാലാഖ കാക്കുന്നവനായി ഉണ്ടായിരുന്നുവെന്നാണ് അദ്ദേഹം ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. കാവൽ മാലാഖമാർക്ക് ഊണും ഉറക്കവും ഇല്ല. അവരുടെ കാവലിനായി കൈയേൽപിക്കപ്പെട്ടിട്ടുള്ള മനുഷ്യാത്മാവിനെ എപ്പോഴും കാത്തുപരിപാലിക്കുന്നതിൽ അതീവ ജാഗ്രതയുള്ളവരാണവർ.

വെള്ളച്ചാട്ടത്തിന്റെ അടുത്തു നിൽക്കുന്ന ഒരു കുട്ടി; ആ കുട്ടിയെ അപകടത്തിൽ വീഴാതെ സംരക്ഷിച്ചുകൊണ്ട് പുറകിൽ വിരിച്ചുപിടിച്ച വെൺച്ചിറകുകളുമായി നിൽക്കുന്ന കാവൽമാലാഖ - ഇങ്ങനെയാണ് കാവൽമാലാഖയെ ചിത്രീകരിച്ചിട്ടുള്ള വിശ്വപ്രസിദ്ധമായ പടം നാം കണ്ടിട്ടുള്ളത്. ജനനം മുതൽ മരണം വരെ ഓരോ മനുഷ്യനും അനുനിമിഷം കാവൽമാലാഖയുടെ സംരക്ഷണം ഉണ്ട്. അതു തിരിച്ചറിയുക എന്നുള്ളതും രാവിലെ ഉണരുമ്പോഴും, അനുദിന കർമ്മങ്ങളിൽ എർപ്പെടുമ്പോഴും, ഉറങ്ങുവാൻ പോകുമ്പോഴും, കാവൽമാലാഖയോട് പ്രാർത്ഥിച്ചുകൊണ്ട് ദൈവകൃപയിൽ ജീവിക്കുവാനും, പാപസാഹചര്യങ്ങളിൽ നിന്ന് ഓടിയകലുവാനും, നിത്യരക്ഷ നേടിയെടുക്കുവാനും, ചാവറയച്ചന്റെ കാവൽ മാലാഖഭക്തി നമുക്ക് പ്രചോദനമാകട്ടെ.

Chapter

9

# ചാവറയച്ചനും നൽമരണഭക്തിയും

'ആത്മാനുതാപ'ത്തിൽ അന്ത്യവിധിയെകുറിച്ച് ചാവറയച്ചൻ എഴുതിയിരിക്കുന്നു :

"പരാപരൻ നീതീശ്വരൻ
മിന്നുന്ന മുഖത്തോടെ മേഘ
ത്തിലേക്കെഴുന്നള്ളും
മഹാഭയഘോഷമാം കാഴ്ച."

മനുഷ്യരെല്ലാവരും മരണത്തെ ഭയപ്പെടുന്നവരാണ്. പക്ഷെ, നൽമരണം ലഭിക്കുവാൻ പ്രാർത്ഥിക്കുന്നവരും, ഒരുക്കത്തിൽ ജീവിക്കുന്നവരും വി.പൗലോസ് ശ്ലീഹയെപോലെ "മരണത്തെ നേട്ടമായി"ട്ടാണ് മനസ്സിലാക്കുക ( ഫിലിപ്പി. 1:21). കാരണം, മരണത്തിലുടെ മനുഷ്യ ജീവിതത്തിന്റെ പരമലക്ഷ്യമായ മോക്ഷപ്രാപ്തി കരഗതമാകുന്നു.

രവീന്ദ്രനാഥ ടാഗോർ 'ഗീതാഞ്ജലി'യിൽ മരണത്തെ ഭഗവാന്റെ പക്കലേക്ക് കൂട്ടികൊണ്ടുപോകുവാൻ വന്നണയുന്ന ദേവിയായിട്ടാണ് സങ്കൽപിച്ചിരിക്കുന്നത്. മരണമാകുന്ന ദേവിയെ സ്വീകരിക്കുവാൻ സുകൃതങ്ങളാകുന്ന സുനങ്ങൾ കൊണ്ട് ഹാരമൊരുക്കി ടാഗോർ കാത്തിരിക്കുകയായിരുന്നു എന്നും നാം ഗീതാഞ്ജലിയിൽ വായിക്കുന്നു.

ചാവറയച്ചൻ മരണത്തെ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. കാരണം, അദ്ദേഹം നൽമരണം ലഭിക്കുവാൻ ജീവിതകാലം മുഴുവൻ ഒരുങ്ങിയിരുന്നവനും, നൽമരണത്തിലൂടെ ദൈവത്തിലെത്തിച്ചേരുവാൻ എന്നും കാത്തിരുന്നവനും ആയിരുന്നു. കൂനമ്മാവിലുള്ള വി. ഫിലോമിനായുടെ ആശ്രമത്തിൽ വെച്ച് 1871 ജനുവരി 3-ാം തിയ്യതി രാവിലെ എഴരമണിക്ക് അറുപത്തി അഞ്ചാമത്തെ വയസ്സിലാണ് ചാവറയച്ചൻ നിര്യാതനായത്. മരണ ശയ്യയിൽ കിടന്നുകൊണ്ട് ചാവറയച്ചൻ പറഞ്ഞു : "മനുഷ്യൻ ആരു തന്നെ ആയാലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നെ കൊണ്ട് സാധിക്കുന്ന ഒരുക്കങ്ങൾ ഞാൻ ചെയ്തുവന്നു... മാമ്മോദീസയിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്..."

"ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ

ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല"(യോഹ. 3:5). ജലത്താലും ആത്മാവിനാലും മനുഷ്യന് പുനർജ്ജന്മം നൽകി മനുഷ്യാത്മാവിന് സ്വർഗ്ഗപ്രവേശനം സാധ്യമാക്കുന്നത് മാമ്മോദീസയാണ്. മാമ്മോദീസയിലൂടെ മനുഷ്യാത്മാവിൽ വന്നണയുന്ന വരപ്രസാദം, പാപത്തിലൂടെ നഷ്ടപ്പെടുത്താതെ ജീവിക്കുകയെന്നുള്ളതാണ് നൽമരണത്തിനായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരുക്കം. "അവരെ ഒരുക്കമുള്ളവരായി കണ്ടാൽ ആ ഭൃത്യന്മാർ ഭാഗ്യവാന്മാർ. നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. എന്തെന്നാൽ പ്രതിക്ഷിക്കാത്ത മണിക്കൂറിലാണ് മനുഷ്യപുത്രൻ വരുന്നത്" (ലൂക്കാ 12:38-40). മരണം ഏതു നിമിഷത്തിൽ വന്നണഞ്ഞാലും, "അറുതിയില്ലാത്ത ദയാപരനായ ഈശോയെ, ഞങ്ങളുടെ മരണം ദിവ്യപൂജപ്പോലെ സ്വീകരിച്ച്, ആ ഭീതിജനകമായ നിമിഷത്തിൽ ഞങ്ങളെ അനുഗ്രഹിക്കണമെ" (ധ്യാന സല്ലാപങ്ങൾ) എന്നതായിരുന്നു ചാവറയച്ചന്റെ നിത്യപ്രാർത്ഥന.

കേരളസഭയുടെ ആദ്യത്തെ മലയാളിയായ വികാരിജനറാൾ ആയിരുന്നു ചാവറയച്ചൻ. ആ കാലഘട്ടത്തിൽ ബാഗ്ദാദിൽ നിന്ന് തോമ്മാറോക്കോസ് എന്നു പേരുള്ള ഒരു വ്യാജമെത്രാൻ കേരളത്തിൽ വന്നെത്തി. ചാവറയച്ചനിലൂടെ വലിയ മുതലെടുപ്പിനുള്ള തന്ത്രങ്ങൾ റോക്കോസ് തയ്യാറാക്കി. അതിൽ ഒന്നായിരുന്നു ചാവറയച്ചനെ കേരളസഭയുടെ മെത്രാനാക്കാമെന്നുള്ള മോഹനവാഗ്ദാനം. ഇതിനെക്കുറിച്ച് ചാവറയച്ചനെ അറിയിക്കുവാൻ വന്ന റോക്കോസിന്റെ ദൂതനോട് ചാവറയച്ചൻ പറഞ്ഞു: "മെത്രാൻപട്ടം കിട്ടണമെന്ന് എനിക്ക് ആഗ്രഹമില്ല. നിത്യരക്ഷ ലഭിക്കണം എന്നതുമാത്രമാണ് എനിക്കുള്ള ഒരേയൊരു ആഗ്രഹം." ദൈവത്തെ പ്രാപിക്കുവാനുള്ള തീക്ഷ്ണത, അഗ്നിജ്വലനം പോലെ ആത്മാവിൽ ആവസിപ്പിച്ചിരുന്ന ഏലിയാപ്രവാചകന്റെ നാമധാരിയായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാസ്സച്ചന്റെ മനസ്സിലും, നൽമരണത്തോടും അതിലൂടെയുള്ള ദൈവപ്രാപ്തിയോടും അതീവ ജാഗ്രത ഉണ്ടായിരുന്നു എന്നുള്ളത് ഇവിടെ സ്പഷ്ടമാകുന്നു.

ചാവറയച്ചന്റെ നൽമരണഭക്തിയുടെ അനുരണനങ്ങൾ അദ്ദേഹത്തിന്റെ രചനകളിലും ദർശനീയമാണ്. അദ്ദേഹത്തിന്റെ 'മരണവീട്ടിൽ പാടുന്ന പാന' എന്ന കൃതിയിൽ നൽമരണഭക്തി മാത്രമാണ് പ്രതിപാദ്യവിഷയം. ശവസംസ്കാരതിരുകർമ്മങ്ങൾക്ക് മുമ്പ് മരണവീട്ടിൽ പാടുന്നതിന് വേണ്ടി രചിക്കപ്പെട്ടതാണിത്. മരണവീട്ടിൽ വന്നുചേരുന്ന ബന്ധുമിത്രാദികളെ സ്വർഗ്ഗസൗഭാഗ്യത്തിന് അർഹമായ രീതിയിൽ ജീവിക്കേണ്ടതിന്റെ ആവശ്യകതയെ അനുസ്മരിപ്പിക്കുക എന്നതാണ് ഈ കൃതിയുടെ ഉദ്ദേശം.

"പാപകറകൾ ദഹിപ്പിച്ചു ദേഹിയെ
പ്രതാപമേറ്റുവാൻ സർവ്വ നാഥൻ
നീതിക്കു തക്കപോൽ ശുദ്ധിവരുത്തുവാൻ
ശുദ്ധീകരസ്ഥലം സൃഷ്ടിചെയ്തു."

എന്ന് ഈ കൃതിയിൽ എഴുതിയിട്ടുള്ള ചാവറയച്ചൻ, ഈ ലോകജീവിതം സുകൃതസമ്പന്നമാകണമെന്നും, ശുദ്ധീകരണ സ്ഥല ത്തിലെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വലിയ പുണ്യ പ്രവർത്തി യാണെന്നും ഉദ്ബോധിപ്പിക്കുന്നു.

വിശ്വപ്രസിദ്ധ കത്തോലിക്കാ എഴുത്തുകാരനായിരുന്ന ബിഷപ്പ് ഫുൾട്ടൺ. ജെ. ഷീനിനോട് "മരിക്കുമ്പോൾ നാം എന്തെങ്കിലും കൊണ്ടു പോകുമോ?" എന്ന് ഒരു അഭിമുഖത്തിൽ ചോദിക്കുകയുണ്ടായി. ഉത്തരമായി ബിഷപ്പ് ഷീൻ പറഞ്ഞു : "മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ഹൃദയപൂർവ്വം നാം അവർക്ക് നൽകിയിട്ടുള്ളതുമാത്രമാണ് നാം മരിക്കു മ്പോൾ കൂടെ കൊണ്ടുപോകുക. മരണസമയത്ത് നമ്മുടെ സ്വന്തം എന്ന് അവകാശപ്പെടുവാൻ അവ മാത്രമാണ് ഉണ്ടായിരിക്കുക."

ചാവറയച്ചന്റെ നൽമരണഭക്തി പരസ്നേഹപ്രവർത്തികളിൽ അധിഷ്ഠിതമായിരുന്നു. "അന്യർക്ക് ഒരു ഉപകാരമെങ്കിലും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കുപുസ്തകത്തിൽ ദൈവംതമ്പുരാൻ ചേർക്കുകയില്ല" എന്നുള്ള ചാവറയച്ചന്റെ ഉപദേശം, നൽമരണത്തിനും മോക്ഷപ്രാപ്തിക്കും പരോപകാര പ്രവൃത്തികൾക്കുള്ള പ്രാധാന്യത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ അവബോധത്തെ സാധൂകരിക്കുന്നു. നൽ മരണഭക്തിയുമായി ബന്ധപ്പെട്ട് ചാവറയച്ചന്റെ പരോപകാരതൽപരത അദ്ദേഹത്തിനാൽ സ്ഥാപിതമായ 'നൽമരണസഖ്യം' എന്ന ഭക്തസംഘ ടനയിലൂടെയും പ്രകടമാകുന്നു. നൽമരണം സകല മനുഷ്യർക്കും ആവ ശ്യമുള്ളതാണെന്നുള്ള ചാവറയച്ചന്റെ വിശുദ്ധവീക്ഷണമാണ് നൽമരണ സഖ്യത്തിന്റെ ആരംഭത്തിന് കാരണമായത്. പരേതർക്കുവേണ്ടി പ്രത്യേകഭക്തിയിൽ പ്രാർത്ഥിക്കുക, മരണാസന്നരായവർക്ക് കൂദാശകൾ കൈകൊള്ളുവാൻ അവസരങ്ങൾ ഒരുക്കുക, മൃതസംസ്കാരചിലവുകളിൽ സഹായം നൽകുക തുടങ്ങിയവയൊക്കെയായിരുന്നു നൽമരണ സഖ്യത്തിന്റെ പ്രധാന ഉദ്ദേശങ്ങൾ. ഇന്ന് കേരളത്തിലെ വളരെയേറെ കത്തോലിക്കാ ഇടവകകളിൽ സജീവമായി പ്രവർത്തിക്കുന്ന മരണ സഹായ സംഘടനകളുടെ സമാരംഭം, ചാവറയച്ചന്റെ 'നൽമരണസഖ്യ'ത്തിൽ നിന്നാണ് ഉണ്ടായതെന്നും ഇവിടെ അനുസ്മരി ക്കേണ്ടതാണ്.

# അനുബന്ധം

## 1. ചാവറയച്ചന്റെ സംക്ഷിപ്ത ജീവചരിത്രം

- 1805, ഫെബ്രുവരി 10 : കുട്ടനാട്ടിലെ കൈനകരിയിൽ ജനനം
- 1829, നവംബർ 29 : പൗരോഹിത്യ സ്വീകരണം
- 1831 മെയ് 11 : ഭാരതത്തിലെ പ്രഥമ സന്യാസ സഭ (CMI) മാന്നാനത്ത് സ്ഥാപിച്ചു.
- 1833 : ഭാരതത്തിലെ പ്രഥമ സെമിനാരി മാന്നാനത്ത് സ്ഥാപിച്ചു.
- 1840 : കേരള സഭയിൽ ആദ്യമായി ഞായറാഴ്ചപ്രസംഗങ്ങളും, പൊതു ജന ധ്യാനങ്ങളും ആരംഭിച്ചു.
- 1840 : കേരളത്തിൽ 'കുരിശിന്റെ വഴി' പ്രചരിപ്പിച്ചു.
- 1843 : കേരളത്തിൽ ദിവ്യകാരുണ്യ ഭക്തിയുടെ പ്രചാരം ആരംഭിച്ചു.
- 1846 : കേരള കത്തോലിക്കരുടെ പ്രഥമ വിദ്യാലയവും, സംസ്കൃത പാഠ ശാലയും മാന്നാനത്ത് സ്ഥാപിച്ചു.
- 1846 : കേരള കത്തോലിക്കരുടെ ആദ്യത്തെ പ്രസ്സ് മാന്നാനത്ത് സ്ഥാപിച്ചു.
- 1853 : കേരളത്തിലെ ആദ്യത്തെ ധ്യാനമന്ദിരം മാന്നാനത്ത് സ്ഥാപിച്ചു.
- 1861 : കേരള സുറിയാനി കത്തോലിക്കരുടെ പ്രഥമ വികാരി ജനറാളായി ചാവറയച്ചൻ നിയമിക്കപ്പെട്ടു.
- 1861 : വിദേശിയായ റോക്കോസ് മെത്രാന്റെ നേതൃത്വത്തിൽ കേരളത്തിൽ പടർന്ന കത്തോലിക്ക വിശ്വാസത്തിന് എതിരായുള്ള പ്രവർത്തനങ്ങളിൽ നിന്ന് (റോക്കോസ് ശീശ്മ) കേരള സഭയെ സംരക്ഷിച്ചു.
- 1862 : മലയാള സാഹിത്യത്തിലെ പ്രഥമ ഖണ്ഡകാവ്യം 'അനസ്താസ്യ യുടെ രക്തസാക്ഷിത്വം' രചിച്ചു.
- 1865 : "ഒരു പള്ളിയ്ക്കൊരു പള്ളിക്കൂടം" എന്ന കൽപ്പനയിലൂടെ കേരള ത്തിലെ വിദ്യഭ്യാസ മേഖലയുടെ വികസനത്തിനായുള്ള കർമ്മ പദ്ധതി ആരംഭിച്ചു.
- 1866 : ഇറ്റാലിയൻ മിഷണറി ഫാ. ലയോപോൾദിനോട് ചേർന്ന് കന്യാ സ്ത്രീകൾക്കായുള്ള ഭാരതത്തിലെ ആദ്യത്തെ സഭ (CMC) സ്ഥാപിച്ചു.
- 1866 : ദേവാലയങ്ങളിലെ 40 മണിക്കൂർ ആരാധനഭക്തി സമാരംഭിച്ചു.
- 1869 : കേരളത്തിലെ കത്തോലിക്കരുടെ ആദ്യത്തെ അഗതി മന്ദിരം കൈന കരിയിൽ ആരംഭിച്ചു.
- 1871, ജനുവരി 3 : മരണം (കൂനമ്മാവിൽ)
- 1871, ജനുവരി 4 : കബറടക്കം (കൂനമ്മാവിൽ)

- 1889, മെയ് 24 : ഭൗതീകാവശിഷ്ടങ്ങൾ മാന്നാനത്തേക്ക് മാറ്റി സ്ഥാപിച്ചു.
- 1986, ഫെബ്രുവരി 8 : വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപനം.
- 1987, ഡിസംബർ 20 : ഭാരത സർക്കാർ ചാവറയച്ചന്റെ തപാൽ സ്റ്റാമ്പ് പുറത്തിറക്കി.
- ജനുവരി 3 : ചാവറയച്ചന്റെ തിരുന്നാൾ ദിനം.

## 2. ചാവറയച്ചന്റെ സുപ്രധാന സാഹിത്യസൃഷ്ടികൾ

- ആത്മാനുതാപം
- മരണവീട്ടിൽ പാടുവാനുള്ള പാന
- അനസ്താസ്യയുടെ രക്തസാക്ഷിത്വം
- ധ്യാന സല്ലാപങ്ങൾ
- നല്ല അപ്പന്റെ ചാവരുൾ
- സീറോ മലബാർ സഭയുടെ മലയാളം കലണ്ടർ
- ശവസംസ്കാര ശുശ്രൂഷകൾ
- നാൽപതുമണി ആരാധനയുടെ ക്രമം

## 3. ചാവറയച്ചന്റെ സുപ്രധാന ഉപദേശങ്ങൾ

- സ്വർഗ്ഗത്തിന് സമാനമാണ് ഒരു നല്ല കത്തോലിക്കാ കുടുംബം. ഒരു കുടുംബത്തിന്റെ യഥാർത്ഥ സമ്പത്ത് ആ കുടുംബത്തിൽ കെടാതെ തെളിയുന്ന ദൈവ ഭയവും ഭക്തിയുമാകുന്നു.
- ഒരു കത്തോലിക്കാ കുടുംബത്തിലെ അണയാത്ത ദീപമായിരിക്കണം പരസ്നേഹം.
- അന്യന് നന്മ ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസ്സങ്ങളുടെ കണക്കിൽ ദൈവം കൂട്ടുകയില്ല.
- ഒരു കുടുംബത്തിന്റെ മഹാഭാഗ്യം ആരോടും ഒരു വഴക്കുമില്ലാതെ എല്ലാവരുമായി സമാധാനത്തിൽ കഴിയുന്നതാണ്.
- പരദൂഷണം വലിയ ദോഷം ചെയ്യും. ഒരു നല്ല കുടുംബത്തിലെ ദൈവ പ്രകാശം മറച്ചുവെച്ച് അതിനെ അന്ധകാരത്തിലാഴ്ത്തുന്ന കാർമേഘ പടലമാണ് പരദൂഷണവും, അസഭ്യവചനവും.
- അപരന്റെ ദോഷങ്ങൾ നിന്റെ വീട്ടിൽ സംഭാഷണ വിഷയമായാൽ ആ ദോഷങ്ങളുടെ ശിക്ഷ നിന്റെ കുടുംബത്തിനും ലഭിക്കുവാൻ ഇടയാകും.
- ദൈവം തമ്പുരാൻ മാതാപിതാക്കന്മാരെ ഏൽപ്പിച്ചിരിക്കുന്ന നിധികളാണ് കുഞ്ഞുമക്കൾ. അവർക്കുവേണ്ടി മാതാപിതാക്കൾ നിരന്തരം പ്രാർത്ഥിക്കണം.
- അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷ പോലെ ദൈവം കൈക്കൊള്ളും.

- തിരച്ചറിവ് ഉണ്ടായാലുടൻ കുട്ടികളെ വിദ്യാലയത്തിൽ അയക്കണം.
- മക്കളോട് അമിതവാത്സല്യം കാണിക്കരുത്; അതുപോലെത്തന്നെ അതികാർക്കശ്യവും. അമിതവാത്സല്യം അഹങ്കാരം ജനിപ്പിക്കും; അതികാർക്കശ്യവും കഠിന ശിക്ഷയും കുട്ടികളെ വഴിപിഴപ്പിയ്ക്കും.
- മക്കളെ ശകാരിക്കുമ്പോൾ ഒരിക്കലും ശപിക്കുകയോ അസഭ്യവചനങ്ങൾ പറയുകയോ ചെയ്യരുത്. കാരണം, അവ മക്കളെ നല്ലവരാക്കുന്നതിനു പകരം ചീത്തയാക്കുന്നതിനു കാരണമാകും.
- പെൺകുട്ടികളെ തന്നിഷ്ടംപോലെ നടക്കുവാൻ അണിയിച്ചൊരുക്കി അയക്കരുത്. തങ്ങളുടെ അന്തസ്സും, പ്രാപ്തിയും കവിയുന്ന തരത്തിൽ വസ്ത്രങ്ങളും, ആഭരണങ്ങളും അണിയിച്ച് അഹങ്കാരത്തിന്റെ പ്രതീകങ്ങളായി പെൺകുട്ടികളെ നടത്തുന്നത് ആത്മാക്കളിൽ നരക തീ ഊതിക്കത്തിച്ച് പിടിപ്പിക്കുന്നതിന് കാരണമാകും.
- ഒരു പെൺകുട്ടിയുടെ ഏറ്റവും വിലയേറിയ ആഭരണം അവളുടെ ചാരിത്രശുദ്ധിയാണ്.
- കാരണവന്മാർ മരിക്കുന്നതിന് മുമ്പ് സുബോധമുള്ളപ്പോൾ തന്നെ മക്കൾക്ക് വസ്തുക്കൾ ഭാഗം ചെയ്തുവെക്കണം.
- മക്കളേ, നിങ്ങൾ മാതാപിതാക്കളെ ബഹുമാനിക്കണം. മാതാപിതാക്കളെ ബഹുമാനിക്കാത്തവന് പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽ തന്നെയും ദൈവശാപം ഏൽക്കേണ്ടി വരും.
- "രോഗിക്കു നൽത്തുണ ചെയ്യുന്ന നേരത്തിൽ നേരിതു നാഥനെന്നോർത്തുകൊൾക"
- പ്രതികാര ബുദ്ധിയോടെ പെരുമാറാതിരിക്കുന്നവൻ അറിവും, അന്തസ്സും ഉള്ളവനായിരിക്കും.
- കടമില്ലാത്ത കുടുംബമാണ് ഏറ്റവും സമ്പന്നമായി കുടുംബം. എന്തെങ്കിലും പഴുതുണ്ടെങ്കിൽ ആരിൽനിന്നും കടം വാങ്ങാതിരിക്കുക. വാങ്ങിച്ചുപോയെങ്കിൽ കഴിയുന്നതും വേഗം ആ കടം വീട്ടുക.
- അഹംഭാവം ഒരിക്കലും കാണിക്കരുത്. അഹംഭാവി അന്തസ്സില്ലാത്തവനാണ്.
- അലസത സകല ദുർഗുണങ്ങളുടെയും മാതാവാണ്.
- കുടുംബ സമ്പത്ത് ആശ്രയിച്ചിരിക്കുന്നത് വസ്തുവകകളുടെ പെരുപ്പത്തിലല്ല; പുതിയവ വാങ്ങിക്കൂട്ടുന്നതിലല്ല; ഉള്ള വസ്തുക്കൾ മെച്ചപ്പെടുത്തുന്നതിലാണ്.
- അതിധാരാളിത്വവും, അതിലുബ്ധും ഒരുപോലെ തിന്മകളാകുന്നു.
- ദൈവത്തിന്റെ മുമ്പിൽ മാത്രമല്ല; മനുഷ്യന്റെ മുമ്പിലും ഒരു വ്യക്തിക്ക് വളരെയധികം ദോഷംചെയ്യുന്ന ദുശ്ശീലമാണ് മദ്യപാനം.
- വഴിപിഴപ്പിക്കുന്ന വിനോദ സാമഗ്രികൾ വീട്ടിൽ കയറ്റുന്നതും, വീട്ടിൽ സൂക്ഷിക്കുന്നതും, വൈക്കോലിൽ തീ ഒളിച്ചുവെയ്ക്കുന്നതിന് സമമാകുന്നു.
- വായന ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും.

- മോഷ്ടിച്ചെടുത്തവസ്തു നിന്റെവീട്ടിൽ ഒരു നിമിഷം പോലും സൂക്ഷിക്കുവാൻ ഇടയാകരുത്. അത് നിന്റെ ഭവനത്തെയും, ഭാവിയേയും നശിപ്പിക്കും.
- ഹൃദയത്തിലെ സത്യത്തെ നാവിനാൽ വഞ്ചിക്കരുത്.
- മറ്റുള്ളവരെ കഷ്ടപ്പെടുത്തി കണ്ണീര് കുടിപ്പിക്കരുത്. കാരണം അവരുടെ കണ്ണീര് ദൈവം കാണും. അതുകാണുന്ന നീതിമാനായ ദൈവപിതാവ് നിന്നെ വെറുതെ വിടുമെന്ന് കരുതേണ്ട.
- ദൈവഭയം ഉള്ളവരെ മാത്രം സ്നേഹിതരാക്കുക. ദൈവത്തെ സ്നേഹിക്കാത്തവൻ നിന്നെയും ആത്മാർത്ഥമായി സ്നേഹിക്കയില്ല.
- കടമുള്ള ദിവസം കർത്താവിന്റെ ദിവസമാണ്. അത് പിശാചിന്റെ ദിവസമാക്കി മാറ്ററുത്.
- കുടുംബത്തിൽ ദൈവകൃപ നിലനിറുത്തുവാൻ ഉപകരിക്കുന്ന സിദ്ധതൈലമാണ് വിശുദ്ധ കുർബാന.
- ഈ ലോകത്തിൽ ഐശ്വര്യവും, പരലോകത്തിൽ നിത്യരക്ഷയും ഉണ്ടാകുവാൻ കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും ഓരോ ദിവസവും ദിവ്യബലിയിൽ സംബന്ധിക്കണം. കടമുള്ള ദിവസം ആരും ഒരിക്കലും പരിശുദ്ധകുർബ്ബാന മുടക്കരുത്.
- എല്ലാവരും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും കുമ്പസാരിക്കണം.
- കുടുംബപ്രാർത്ഥന ഒരിക്കലും മുടക്കരുത്. അത് നിശ്ചയ സമയത്ത് നടക്കണം. കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി ത്രികാലജപം ചൊല്ലി, അൻപത്തി മൂന്ന് മണി ജപം ചൊല്ലേണ്ടതാണ്. അതിനു ശേഷം വിശുദ്ധ ഗ്രന്ഥം വായിക്കണം. കൂട്ടായ പ്രാർത്ഥനയും, വണക്കമാസ പ്രാർത്ഥനകളുമൊക്കെ നമ്മുടെ കുടുംബങ്ങളിലേക്ക് ദൈവകൃപ ഒഴുകുന്ന അരുവികളാണ്.
- നിത്യവും രാവിലെ കൃത്യസമയത്ത് ഉണരുക. ഉണർന്നാൽ ഉടനെ പ്രാർത്ഥിക്കണം. അപ്രകാരം തന്നെ രാത്രിയിൽ കൃത്യസമയത്ത് തന്നെ ഉറങ്ങുവാൻ കിടക്കുക. ഉറങ്ങുന്നതിന് മുമ്പ് പ്രാർത്ഥിക്കണം.

## 4. ചാവറയച്ചനെക്കുറിച്ചുള്ള അൽഫോൻസാമ്മയുടെ സാക്ഷ്യം

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയ്ക്ക് ചാവറയച്ചൻ കാണപ്പെട്ട് അത്ഭുതകരമായ രോഗശാന്തി നൽകിയതായി അൽഫോസാമ്മ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അൽഫോസാമ്മ എഴുതിയ സാക്ഷ്യപത്രം ചുവടെ ചേർക്കുന്നു : "എനിക്ക് തീരെ സുഖമില്ലാതായിട്ട് ഇപ്പോൾ ആറരക്കൊല്ലമായി. നാട്ടുചികിത്സയും, ഇംഗ്ലീഷ് ചികിത്സയുമൊക്കെ മാറി മാറി ചെയ്യുന്നുണ്ടായിരുന്നു. അസുഖം ഒന്നിനൊന്ന് വർദ്ധിച്ചുവന്നതല്ലാതെ യാതൊരു ഗുണവും കിട്ടിയില്ല.

ഒടുവിൽ ഡോക്ടറുടെ അഭിപ്രായപ്രകാരം ചികിത്സക്കായി എറണാകുളം ആശുപത്രിയിൽ പോയി. ഒരുമാസത്തെ ചികിത്സയ്ക്കുശേഷം മടങ്ങിവന്നു. തത്കാലശമനം കിട്ടുമെന്നല്ലാതെ പൂർണ്ണസുഖം കിട്ടുകയില്ലെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. ഏതായാലും അക്കൊല്ലം മുഴുവൻ ഇംഗ്ലീഷ് ചികിത്സനടത്തി. യാതൊരു വ്യത്യാസവും കാണാത്തതു കൊണ്ട് വീണ്ടും നാട്ടുചികിത്സ തുടങ്ങി. പൂർണ്ണസുഖം കിട്ടുകയില്ല, കഴിയുന്നത്ര ശ്രമിക്കാമെന്ന് അവരും പറഞ്ഞു. ഇതിനിടെ ധാരാളം നേർച്ചകളും അപേക്ഷകളും നടത്തുന്നുണ്ടായിരുന്നു. മരുന്നുകൾ മുടക്കം വരാതെ സേവിക്കുന്നുണ്ടായിരുന്നു.

മറ്റുകൊല്ലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞകൊല്ലം അല്പം സുഖം കണ്ടതുകൊണ്ട് എന്നെയും നവസന്യാസത്തിനയച്ചു. എന്നാൽ വന്നവഴിക്ക് തന്നെ പഴയ സുഖക്കേടാരംഭിച്ചു. ഒരു വിധത്തിൽ ഏതാണ്ട് ഒരു മാസത്തോളം ഇഴഞ്ഞും വലിഞ്ഞും കൂട്ടക്രമങ്ങളിലൊക്കെ സംബന്ധിക്കുന്നതിന് സാധിച്ചു.

തീർത്തു സുഖമില്ലാതായപ്പോൾ വീണ്ടും കിടപ്പായി. ഭക്ഷണം യാതൊന്നും കഴിക്കുവാൻ നിവൃത്തിയില്ല. ഒന്നുരണ്ടു കയിൽ കാപ്പിയോ, കഞ്ഞിയോ കഴിച്ചാൽ വയറ് നെഞ്ചിനു മുകളുവരെ വീർത്തുവരും. ശ്വാസം പോലും വിടുവാൻ നിവൃത്തിയില്ലായിരുന്നു. കൂടാതെ അതിശക്തമായ വേദനയും വിശപ്പും പരവേശവും ഉണ്ടായിരുന്നു. പരസഹായം കൂടാതെ എഴുന്നേൽക്കുവാൻപോലും നിവൃത്തിയില്ലാതെയും, ഉറക്കമില്ലാതെയും വളരെ അധികം നാൾ കഴിച്ചുകൂട്ടി.

ദിവസത്തിൽ എട്ടും പത്തും പ്രാവശ്യം ഛർദ്ദിക്കും. മിക്കവാറും അതു കട്ടരക്തമായിരിക്കും. തലവേദന ശക്തിയായിട്ടുണ്ടാകുന്ന ദിവസം മൂക്കിൽനിന്ന് ധാരാളം രക്തം പോകും. ചില ദിവസങ്ങളിൽ കണ്ണിൽനിന്ന് രക്തം പോയിട്ടുണ്ട്. ഇങ്ങനെ രക്തം പോകുന്ന ദിവസങ്ങളിൽ ശരീരത്തിനു വലിയ വേദനയാണ്. കൂട്ടമായി പ്രാർത്ഥനകൾ നടത്തിക്കഴിയുമ്പോൾ രണ്ടുമൂന്നു ദിവസത്തേയ്ക്ക് അല്പം ആശ്വാസം തോന്നും. ഇങ്ങനെ ഏകദേശം 8 മാസത്തോളം ഞാനും മറ്റുള്ളവരും വല്ലാതെ വിഷമിച്ചു. എപ്പോഴും ആരെങ്കിലും അടുത്തില്ലെങ്കിൽ വലിയ ഭയമായിരുന്നു.

ഇങ്ങനെ കഴിയുന്ന അവസരത്തിൽ, ഒരു ദിവസം ബ. ലൂയീസച്ചൻ സി.എം.ഐ., ചാവറയച്ചന്റെ ഒരപേക്ഷ കൊണ്ടുവന്നു തന്നു. ആ നൊവേന ഏത്തിക്കുവാൻ ആരംഭിച്ചപ്പോൾ മുതൽ അൽപം ആശ്വാസം കിട്ടിയതായി തോന്നി. അപേക്ഷ മുടക്കംവരുത്താതെ തുടർന്നു. മെയ് മാസാവസാനത്തിലാണെന്നു തോന്നുന്നു, ആ വന്ദ്യദേഹത്തിന്റെ ഒരു ഛായാപടം ബ. ലൂയീസച്ചൻ തന്നു. ആ പടം കണ്ടപ്പോൾമുതൽ എനിക്ക് എന്തെന്നില്ലാത്ത ഒരു വിശ്വാസവും, ഭക്തിയും അദ്ദേഹത്തോട് തോന്നി. അന്നുമുതൽ അതിലൊന്നെടുത്ത് എന്റെ കിടക്കയിൽ വച്ച് എപ്പോഴും ചുംബിച്ച് അദ്ദേഹത്തോട് നമസ്കരിച്ചുകൊണ്ട് കിടന്നുറങ്ങിയിരുന്നു.

പടംവച്ച് അപേക്ഷിക്കുവാൻ തുടങ്ങിയ ദിവസം മുതൽ പേടിക്ക് വളരെ

കുറവുള്ളതുപോലെ തോന്നി. ഒരുദിവസം വിശപ്പുകൊണ്ടും, ദാഹംകൊണ്ടും വളരെ ക്ഷീണിച്ചും, എന്നാൽ വയറുവീർപ്പ് നിമിത്തം ഒന്നും കഴിക്കാൻ നിവൃത്തിയില്ലാതെയും, ഉറക്കമില്ലാതെയും വളരെ അവശതയിൽ കിടക്കുന്ന അവസരത്തിൽ എന്റെ അരികെ വച്ചിരിക്കുന്ന പടത്തിന്റെ ഛായ തോന്നിക്കുന്ന ഒരാൾ എന്റെ അടുത്തുവന്ന് നിൽക്കുന്നപോലെയും എന്തോ സംസാരിക്കുന്നപോലെയും എനിക്കു തോന്നി. ഗുരുത്തിയമ്മയെന്നു വിചാരിച്ച്, എന്റെ ഗുരുത്തിയമ്മേ, നേരം വെളുക്കുമ്പോഴെയ്ക്കും വയറുപൊട്ടിയോ, ശ്വാസംവിടുവാൻ നിവൃത്തിയില്ലാതെയോ ഞാൻ മരിക്കുമെന്ന് തോന്നുന്നു എന്നു പറഞ്ഞു തപ്പി നോക്കിയപ്പോൾ ആളിനെ കാണുന്നില്ല.

നിന്റ വയറ് ഇനി വീർക്കുകയില്ല ദൈവം നിന്നെ അനുഗ്രഹിക്കും എന്നു പറയുന്നതുപോലെ എനിക്ക് തോന്നി. നേരം വെളുത്തപ്പോഴെയ്ക്കും സുഖക്കേടെല്ലാം കുറഞ്ഞു. അന്നുമുതൽ ഇന്നുവരെയും എന്റെ വയറുവീർത്തിട്ടില്ല. ഒരു കയിൽ പൊടിയരിക്കഞ്ഞിപോലും കുടിക്കുവാൻ നിവൃത്തിയില്ലാതിരുന്ന ഞാൻ ഇപ്പോൾ മുഴുത്തചോറുണ്ണുന്നുണ്ട്. കൂടെ മറ്റു ഭക്ഷണങ്ങളും കഴിക്കുന്നുണ്ട്. ഇപ്പോൾ വയറ്റിൽ വേദനയും, വയറടപ്പും, വീർപ്പും ഒന്നുമില്ല. ഉറക്കവും ശരിയായിട്ടുണ്ട്. ചാവറയച്ചന്റെ സഹായംമൂലം ലഭിച്ചതാണെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. വയറ്റിൽ സുഖക്കേടിന്റെ കാര്യത്തിൽ എല്ലാവർക്കും വളരെ അത്ഭുതം തോന്നുന്നുണ്ട്.

വേറൊരു ദിവസം ശക്തിയായ തലവേദന തുടങ്ങി. മൂക്കിൽനിന്ന് ധാരാളം രക്തവും പോയി. ആകപ്പാടെ ഞാൻ വിഷമിച്ചും വേദന എടുത്തും കിടക്കുന്ന സന്ദർഭത്തിൽ ഞാൻ എന്റെ സഹായത്തിനായി ചാവറയച്ചനെ വിളിച്ചു പ്രാർത്ഥിച്ചു. ഒരു സഹോദരി എന്റെ അരികിൽ ഇരിപ്പുണ്ടായിരുന്നു. ഏകദേശം മൂന്നുമണിയായപ്പോൾ നമ്മുടെ പഴയ ആൾ എന്റെ അടുക്കൽ വന്ന് വളരെ സന്തോഷത്തോടെ നിൽക്കുന്നതുപോലെയും, അദ്ദേഹത്തിന്റെ കരങ്ങൾ പൊക്കി എന്നെ ആശീർവ്വദിക്കുന്നതു പോലെയും എനിക്ക് തോന്നി. ഉടനെ ഞാൻ ഉറക്കെ ചിരിച്ചു. അടുത്തുണ്ടായിരുന്ന സഹോദരി ചിരിച്ചതിന്റെ കാരണം ചോദിച്ചപ്പോൾ വെറുതെയാണെന്നു ഞാൻ ഉത്തരം പറഞ്ഞു. അപ്പോൾ മുതൽ എനിക്ക് വളരെ ആശ്വാസം തോന്നി. അതിൽ പിന്നെ ഇന്നുവരെ മൂക്കിൽനിന്ന് രക്തംപോയിട്ടില്ല. മൂക്കിൽനിന്ന് രക്തം പോകുകയാണെങ്കിൽ കുറെ അധികം ദിവസത്തേയ്ക്ക് പോയിക്കൊണ്ടിരിയ്ക്കും. നേരം വെളുത്തപ്പോൾ എനിക്ക് നല്ല സുഖം തോന്നി. കൂടാതെ കാലിൽ കുറെദിവസങ്ങളായിട്ട് പഴുത്തു പൊട്ടിക്കൊണ്ടിരുന്ന ഒരു വ്രണം നേരം വെളുത്തപ്പോൾ കരിയുകയും ചെയ്തു.

വൈദ്യന്മാരെല്ലാവരാലും ഉപേക്ഷിക്കപ്പെട്ട എനിക്ക് ഇത്രയും സുഖംകിട്ടിയതിനു ദൈവത്തിനു നന്ദി പറയുകയും ചാവറയച്ചനെ മഹത്വപ്പെടുത്തുന്നതിനായി സർവ്വാത്മനാ പ്രാർത്ഥിക്കുകയും ചെയ്യുന്നു."

*സിസ്റ്റർ അൽഫോൻസ*

## 5. ചാവറയച്ചന്റെ 'ഔദ്യോഗിക അത്ഭുതം'

ജാതിമത ഭേദമന്യെ എല്ലാവരും വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാദ്ധ്യസ്ഥ ശക്തിയിലൂടെ അത്ഭുതകരമായ ദൈവാനുഗ്രഹങ്ങൾ നേടിയെടുത്തുകൊണ്ടിരിക്കുന്നു.

കോട്ടയത്തിനടുത്തുള്ള മാന്നാനം കൊവേന്തപ്പള്ളിയിലെ ചാവറയച്ചന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തിയും, ചാവറയച്ചനോട് നൊവേന പ്രാർത്ഥനകൾ നടത്തിയും അനേകായിരങ്ങൾ അത്ഭുതകരമായ ദൈവാനുഗ്രഹങ്ങൾ നേടിയെടുക്കുന്നു.

കുടുംബങ്ങളുടെ കാവൽക്കാരനാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. കുഞ്ഞുമക്കളുടെയും, വിദ്യാർത്ഥികളുടെയും പ്രത്യേക മദ്ധ്യസ്ഥനാണ് ചാവറയച്ചൻ. മക്കളില്ലാത്ത ദമ്പതികൾക്ക് സന്താന സൗഭാഗ്യം നൽകി അനുഗ്രഹിക്കുന്നവനാണ് ചാവറയച്ചൻ. വിവാഹ തടസ്സങ്ങൾ മാറിക്കിട്ടുവാനും, ജീവിതാന്തസ്സിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവരും ചാവറയച്ചനോട് ഉള്ളുരുകി പ്രാർത്ഥിച്ച് ദൈവകൃപ നേടുന്നു. ചാവറയച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മാറാരോഗങ്ങളിൽനിന്ന് സൗഖ്യം നേടിയ അനേകരുണ്ട്; മാനസിക രോഗങ്ങളിൽനിന്ന് മുക്തി നേടിയവരുണ്ട്; അംഗവൈകല്യങ്ങൾ മാറിക്കിട്ടിയവരുണ്ട്; സംസാരശേഷി ലഭിച്ചവരുണ്ട്; വിക്ക് മാറിക്കിട്ടിയവരുണ്ട്; അത്യാപത്തുകളിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടവരുണ്ട്; പരീക്ഷകളിൽ അത്ഭുത വിജയം നേടിയവരുണ്ട്; നാട്ടിലും വിദേശത്തും ജോലിസമ്പാദിച്ചവരുണ്ട്.

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായി വിശ്വാസികളുടെ ഇടയിൽ വണങ്ങപ്പെടുന്ന ചാവറയച്ചൻ, സർക്കാർ കേസുകളിലും ഗവർണമെന്റ് ഇടപാടുകളിലും വിജയംനേടുവാൻ പ്രാർത്ഥിക്കുന്നവരുടെ പ്രത്യേക സഹായകനാണ്. നഷ്ടപ്പെട്ട വസ്തുവകകൾ വീണ്ടെടുക്കുവാനും, കടബാധ്യത മാറിക്കിട്ടുവാനും ബിസിനസ്സ് മെച്ചപ്പെടുവാനും ചാവറയച്ചന്റെ മാദ്ധ്യസ്ഥം തേടുന്ന ഭക്തരുണ്ട്. മരണാസന്നരായവർക്ക് നന്മരണം കൈവരിക്കുവാൻ ചാവറയച്ചനോട് പ്രാർത്ഥിച്ച് സ്വർഗ്ഗീയകൃപ നേടുന്നവരുണ്ട്. സുഖപ്രസവത്തിനായി ചാവറയച്ചന്റെ അത്ഭുതകരമായ മാദ്ധ്യസ്ഥ ശക്തി തേടുന്നവരുമുണ്ട്.

മലബാറിൽ കൂടലിഞ്ഞി സ്വദേശിയായ പെണ്ണാപറമ്പിൽ ജോസഫ് മാത്യുവിന് ലഭിച്ച അത്യത്ഭുതകരമായ സുഖപ്രാപ്തിയാണ് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുവാൻ അംഗീകരിക്കപ്പെട്ട ഔദ്യോഗിക അത്ഭുതം. ജന്മനാ തന്നെ ജോസഫിന്റെ കാൽപാദങ്ങൾ ഉള്ളിലേക്ക് വളഞ്ഞ് തിരിഞ്ഞിരിക്കുന്ന അവസ്ഥയിലായിരുന്നു. പാദങ്ങളുടെ പുറംവശം കുത്തി വളരെ ക്ലേശിച്ച്, ഒറ്റയടിവെച്ചാണ് ജോസഫ് നടന്നിരുന്നത്. ചാവറയച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി വൈദ്യശാസ്ത്രം കൈവെടിഞ്ഞ ജോസഫിന്റെ മുടന്ത് സുഖപ്പെടുകയും, കാലുകൾ നേരെയാവുകയും ചെയ്തു. ചാവറപ്പിതാവിന്റെ അത്ഭുതകരമായ മാദ്ധ്യസ്ഥ ശക്തിയുടെ ജീവിക്കുന്ന സാക്ഷിയായിത്തീർന്ന ജോസഫ്, 1986 ഫെബ്രുവരി 8-ാം തീയതി പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ, ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച സമയത്ത് ജീവിച്ചിരുന്നു.

## 6. ചാവറയച്ചനോടുള്ള പ്രാർത്ഥന

അസാദ്ധ്യ കാര്യങ്ങളുടെ / മദ്ധ്യസ്ഥനായ / വാഴ്ത്തപ്പെട്ട ചാവറയച്ചാ / അങ്ങയോട് ചേർന്നുകൊണ്ട് / ത്രിതൈ്വക ദൈവത്തിന് / സ്തുതിയും / കൃതജ്ഞതയും / ആരാധനയും / ഞാൻ സമർപ്പിക്കുന്നു/.

പരിശുദ്ധാത്മാവ് നിറഞ്ഞ മനുഷ്യനെന്ന് / എല്ലാവരാലും / വിളിക്കപ്പെട്ടിരുന്ന / പുണ്യപിതാവെ / പരിശുദ്ധാത്മാവിന്റെ / അത്ഭുതകരമായ / വരങ്ങളാലും / ഫലങ്ങളാലും / നിറയുവാനായി / എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ./ ദിവ്യകാരുണ്യ ഭക്തിയും / തിരുക്കുടുംബ ഭക്തിയും / അമലോത്ഭവയായ കർമ്മലമാതാവിനോടുള്ള / പുത്രസമാനമായ / സ്നേഹവും വഴിയായി അങ്ങ് നേടിയെടുത്ത / സ്വർഗ്ഗീയ ശക്തിയാൽ /എന്നെയും സഹായിക്കണമെ.

അങ്ങയിലുണ്ടായിരുന്ന / വിനയവും / വിധേയത്വവും / വിവേകവും / വിശുദ്ധിയും / വീരോചിതമായ പരസ്നേഹവും / അനുകരിച്ചുകൊണ്ട് / എന്റെ ഹൃദയത്തെ / പരിശുദ്ധാത്മാവിന്റെ / ആലയമാക്കി / തീർത്തുകൊള്ളാമെന്ന് / ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രിയ പിതാവെ / അങ്ങയുടെ മാദ്ധ്യസ്ഥ ശക്തിയിൽ / ശരണംവെച്ച് കൊണ്ട് പ്രാർത്ഥിക്കുന്ന / ആരെയും ഉപേക്ഷിക്കാത്ത അങ്ങ് / എന്റെ ജീവിതത്തിന് / ഇപ്പോൾ ഏറ്റവും ആവശ്യമായിരിക്കുന്ന / ഈ ദൈവാനുഗ്രഹം (..........)/ കാരുണ്യവാനായ / ഈശോയിൽനിന്ന് / എനിക്കായി വാങ്ങിത്തരണമെന്ന് വലിയ വിശ്വാസത്തോടും / വലിയ പ്രത്യാശയോടും കൂടെ / ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു /.

1 സ്വർഗ്ഗ ..... 1 നന്മ ...... 1 ത്രി .....

CARMEL JYOTHI
ALWAYE
THAIKATTUKARA

സി.എം.ഐ. ആദ്ധ്യാത്മികതയുടെ ആചാര്യനായിരുന്ന ചാവറയച്ചന്റെ ഒമ്പത് ഭക്തിമാർഗ്ഗങ്ങളെ കുറിച്ചുള്ള ഈ ചെറുകൃതി വളരെ വ്യത്യസ്തമായ ഒരു വായനാനുഭവമാണ് നൽകുക. രചനയും, അവതരണവും വളരെ വിശേഷമായിരിക്കുന്നു. ജോർജ്ജച്ചന് അഭിനന്ദനങ്ങളും അനുമോദനങ്ങളും നേരുന്നു...

**Fr.Jose Panthaplamthottiyil C.M.I.,**
*Prior General,* **Chavara Hills, Kakkanad, Kochi.**

ചാവറയച്ചനെ കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ നിലവിലുണ്ടെങ്കിലും, ഈ കൃതിക്ക്, ഒരു അനന്യതയുണ്ട്. പരമ്പരാഗതമായ ഭക്തിമാർഗ്ഗങ്ങളിലൂടെ 'പരിശുദ്ധാത്മാവ് നിറഞ്ഞ മനുഷ്യൻ' ആയിത്തീർന്ന ചാവറയച്ചൻ ഈ കൃതിയുടെ വായനകാർക്ക് വലിയ മാതൃകയായിരിക്കും.

**Fr. George pius Ukken CMI,**
*Provincial,* **Devamatha, Thrissur.**

സി.എം.സി. സന്യാസിനി സഭയുടെ [illegible]സ്ഥാപകനും, 'ക്രിസ്ത്യാനികൾക്ക് എത്രയും നല്ല ദീപവും, കണ്ണാടിയും, തിരുസ്സഭയെ താങ്ങാൻ തക്ക തൂണുമായിരുന്ന' ചാവറപിതാവിന്റെ എല്ലാ ഭക്താനുഭവങ്ങളും, അദ്ദേഹത്തിന്റെ മാത്രമല്ല, മറ്റുള്ളവരുടേയും യേശുവാകുന്ന 'നല്ല അപ്പനു'മായുള്ള ഹൃദയ ഐക്യത്തെ എങ്ങനെ ദൃഢപ്പെടുത്തിയെന്ന് ഈ ചെറുഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തെ സൗകര്യപൂർവ്വം മാറ്റി നിറുത്തുന്ന ആധുനിക ലോകത്തിന് ഈ പുസ്തകം ഒരു വെല്ലുവിളി തന്നെയാണ്. ജോർജ്ജച്ചന് അഭിനന്ദനങ്ങൾ!!

**Sr. Edward C.M.C.,**
*Mother General,* **Mount Carmel Generalate, Aluva.**

**Short, but, sublime-** എന്നാണ് ഈ കൃതിയെക്കുറിച്ച് എന്റെ അഭിപ്രായം. ഗലീലി ആശ്രമാംഗമായ ജോർജ്ജച്ചനിൽ നിന്ന് ഇനിയും ഇത്തരത്തിലുള്ള രചനകൾ ഉണ്ടാകട്ടെ. നിറദീപംപോലെ ഇത് ഭക്താത്മാക്കൾക്ക് വിൺപ്രഭ ചൊരിയട്ടെ...

**Fr. Steephen Koola C.M.I.,**
*Director,* **Galilee,Chiyyarm,Thrissur.**

